ശ്രദ്ധ

2015 സെപ്തംബർ

ലക്കം 2

www.devakiwarrier.org

ദേവകീവാര്യർ സ്മാരക വാർത്താപത്രിക

മുഖപ്രസംഗം

ടി.രാധാമണി, സെക്രട്ടറി.

# ഉച്ചഭക്ഷണവിതരണം- ഒരു പുതിയ സംരംഭം

ദേവകി വാര്യർ സ്മാരകത്തിന്റെ ത്രൈമാസി വാർത്താ പത്രികയായ ശ്രദ്ധയുടെ രണ്ടാം ലക്കം നിങ്ങളുടെ കയ്യിൽ എത്തിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

2015 സെപ്തംബർ 9ന് നമ്മൾ പുതിയ ഒരു സംരംഭത്തിനുകൂടി തുടക്കം കുറിച്ചിരിക്കുന്നു. എല്ലാ ബുധനാഴ്ച്ചയും ഉച്ചയ്ക്ക് ഒരു മണിക്ക് മെഡിക്കൽ കോളേജ് വളപ്പിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുക എന്ന സംരംഭം ഡോ. ടി.എൻ.സീമ എംപി അന്നാണ് ഉദ്ഘാടനം ചെയ്തത്. 12.30ന് ബാനർ വലിച്ചുകെട്ടിയ ഉടനെ തന്നെ അതിനുമുമ്പിൽ നീണ്ട ക്യൂ രൂപപ്പെട്ടു. സ്ത്രീകളും, കുട്ടികളും, ചെറുപ്പക്കാരും പാത്രങ്ങളുമായി അച്ചടക്കത്തോടെ ഭക്ഷണം കാത്തുനിൽക്കുന്ന കാഴ്ച്ച കരളലിക്കുന്നതായിരുന്നു.

തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് വളപ്പെന്നാൽ എസ്.ഏറ്റിയുടേയും ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റേയും റീജിയണൽ കാൻസർ സെന്ററിന്റേയും ആസ്ഥാനം കൂടിയാണല്ലോ. ഒരു ദിവസം ശരാശരി ഒരു ലക്ഷം പേരാണ് രാവിലെ 5 മണി മുതൽ രാത്രി 10 മണി വരെയുള്ള സമയത്തിനിടയിൽ ഇവിടെ എത്തിച്ചേരുന്നത് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. രോഗികൾ, കൂട്ടിരുപ്പുകാർ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ജീവനക്കാർ, കച്ചവടക്കാർ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി ഇവിടെ എത്തിച്ചേരുന്നവർ.

കേരളത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും ഇപ്പോൾ അണുകുടുംബങ്ങളാണ്. അതിൽ ഒരാൾ രോഗിയാകുന്നതോടെ ആ കുടുംബത്തിന്റെ സാമ്പത്തികനില തകർന്നു തരിപ്പണമാകുകയാണ്. രോഗിയെ ശുശ്രൂഷിക്കേണ്ടതു കൊണ്ട് ജീവിത പങ്കാളിക്ക് ജോലിക്ക് പോകാനോ എന്തെങ്കിലും സമ്പാദിക്കാനോ കഴിയുന്നില്ല. സർക്കാരിന്റെ തെറ്റായ നയങ്ങൾ കാരണം കുതിച്ചുയരുന്ന ഔഷധവില അവരുടെ മുമ്പിൽ ഒരു വലിയ ചോദ്യചിഹ്നമായി ഉയരുന്നു. അതിനുപുറമെയാണ് ഹോട്ടലുകളിലെ കൊള്ളവിലയും ഗുണനിലവാരമില്ലാത്ത ആഹാരസാധനങ്ങളും, ഏറ്റവും കുറഞ്ഞത് 200 രൂപയില്ലാതെ ഒരു ദിവസത്തെ ഭക്ഷണം ലഭിക്കുകയില്ല.

ചികിത്സ നീണ്ടുപോകുന്നതോടെ രോഗിയുടെയും കുടുംബത്തിന്റേയും നില ദയനീയമായി മാറുന്നു. വർഷങ്ങൾ നീണ്ട ചികിത്സ ആവശ്യമായ കാൻസർ, വൃക്കരോഗങ്ങൾ ജീവിതശൈലീരോഗങ്ങൾ എന്നിവ കേരളസമൂഹത്തിൽ അതിവേഗമാണ് പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ പഠനത്തിൽ കേരളീയർ കിടപ്പാടം വില്ക്കുന്നത് രണ്ടു കാര്യങ്ങൾക്ക് വേണ്ടിമാത്രമാണെന്ന് കാണുകയുണ്ടായി. ഒന്നാമത് മകളുടെ കല്യാണം നടത്താനും, രണ്ടാമത് ചികിത്സക്കും. രോഗിയായ ഒരാളുടെ ചികിത്സയും ശുശ്രൂഷയും അയാളുടെ കുടുംബത്തിന്റെ മാത്രം ചുമതലയാണ് എന്ന അവസ്ഥ മാറി സമൂഹത്തിന്റേയും സർക്കാറിന്റേയും ഒക്കെ ചുമതലയാണ് എന്ന ബോധത്തിലേക്ക് നാം എത്തേണ്ടിയിരിക്കുന്നു.

ക്യൂവിൽ ഒന്നാമത് നിന്നിരുന്ന ഒരമ്മയോട് ആർക്കാണ് അസുഖം എന്ന് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞത് 8 മാസമായി മകൾ എസ്.എ.റ്റി ആശുപത്രിയിൽ കിടക്കുകയാണ് ഗർഭിണിയാണ്. അവിടെത്തന്നെ കിടന്ന് എത്ര കഷ്ടപ്പെട്ടാലും ഒരു കുഞ്ഞിനെ കിട്ടുമല്ലോ എന്ന ആശ്വാസത്തിലാണ് ആ അമ്മ. 8 മാസമായി അമ്മയും മകൾക്കൊപ്പം ആശുപത്രിയിൽ തന്നെ. നിങ്ങളെപ്പോലെ ആരെങ്കിലും കൊണ്ടുതരുന്ന കഞ്ഞിതന്നെയാണ് ഭക്ഷണം. കാശുകൊടുത്ത് വാങ്ങാനൊന്നും നിവൃത്തിയില്ല. മറ്റൊരു പ്രായമായ അമ്മ ചോറു കിട്ടിയപ്പോൾ അതുമായി സീമ എംപിയുടെ മുമ്പിൽ ചെന്നു നിറകണ്ണുകളോടെ പറയുന്നതു കേട്ടു.

ഇന്നത്തെ ദിവസം ഒരു ചായ പോലും ഇതുവരെ കിട്ടിയില്ല. ദൈവമാണ് ഈ ചോറുമായി നിങ്ങളെ ഇങ്ങോട്ട് അയച്ചത്. 110 പേർക്കുള്ള ഭക്ഷണവുമായി എത്തിയ ഞങ്ങൾക്ക് 410 പേർക്ക് ഭക്ഷണം വിളമ്പിയിട്ടേ അവിടെനിന്ന് പോരാൻ കഴിഞ്ഞുള്ളൂ. 300 പേർക്കുള്ള ഭക്ഷണം വേറെ കൊണ്ടു വരേണ്ടിവന്നു. കൂടുതൽ കൂടുതൽ സംഘടനകളും വ്യക്തികളും ഈ രംഗത്തേക്ക് വരേണ്ടതിന്റെ ആവശ്യകത വെളിപ്പെടുത്തുന്നതായിരുന്നു ഈ അനുഭവം.

# ഓണം-ജന്മദിന ആഘോഷങ്ങൾ

റിപ്പോർട്ട്

2015 ജൂൺ മാസം 12 ന് ദേവകിവാര്യരുടെ ജന്മദിനം സമുചിതമായി ആഘോഷിക്കുകയുണ്ടായി. സുപ്രസിദ്ധ സിനിമാ സംവിധായകൻ ലെനിൻ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ നമ്മുടെ പേട്രൺ കൂടിയായ പി.കെ.ശ്രീമതി ടീച്ചർ എം.പി, മുൻ എം.പിയായ സി.എസ്.സുജാത, സിനിമാ-നാടക പ്രവർത്തക സജിതാ മഠത്തിൽ, സിനിമാ നിരൂപകൻ വി.കെ. ജോസഫ്, മാധ്യമ പ്രവർത്തക ഉഷ.എസ്.നായർ എന്നിവർ സംസാരിച്ചു. പ്രൗഢ ഗംഭീരമായ വേദിയും നിറഞ്ഞ സദസ്സും ഏവർക്കും ആവേശം പകർന്നു. അവാർഡുജേതാക്കൾ എല്ലാവരും എത്തിയിരുന്നു. 'ന്യൂ ജനറേഷൻ സിനിമയിലെ സ്ത്രീ സങ്കല്പം' എന്ന വിഷയത്തിൽ നടന്ന ലേഖനമത്സരത്തിൽ ഇത്ര അധികം സ്ത്രീകൾ(41) പങ്കെടുത്തതും അതിൽ 8 എണ്ണം വളരെ മികച്ച നിലവാരം പുലർത്തിയതും അഭിമാനാർഗഹമാണെന്ന് ജഡ്ജിമാരായിരുന്ന വി.കെ.ജോസഫും, ഉഷ എസ് നായരും അഭിപ്രായപ്പെട്ടു. അന്ന് നമ്മുടെ സ്ഥാപനത്തിൽ ഉണ്ടായിരുന്ന മുഴുവൻ രോഗികൾക്കും ധനസഹായം വിതരണം ചെയ്തു. വിദ്യാർത്ഥികളായ രോഗികൾക്ക് കമ്മിറ്റി അംഗം വി.ശോഭന പ്രത്യേക ധനസഹായം നല്കി. തുടർന്ന് നടന്ന കലാപരിപാടികളും ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു.




*വാർത്താപത്രിക പ്രകാശനം ഉഷ എസ് നായർ നിർവഹിക്കുന്നു*

ആഗസ്റ്റ്24ന് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ നമ്മുടെ സ്ഥാപനത്തിലുള്ള മുഴുവൻ കുട്ടികൾക്കും (16 പേർ) ഓണക്കോടി വാങ്ങിക്കൊടുക്കുകും അവർക്കും അവരുടെ അമ്മമാർക്കും ഓണസദ്യനൽകുകയും ചെയ്തു. ജനമൈത്രി പോലീസ് സ്റ്റേഷന്റെ ഓണാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡെപ്യൂട്ടി കമ്മിഷണർ ഓഫ് പോലീസ് ശ്രീ സഞ്ജയ് കുമാർ നമ്മുടെ പ്രവർത്തനങ്ങളെ വളരെ പുകഴ്ത്തി സംസാരിച്ചു. ഇപ്രകാരമുള്ള സ്ഥാപനത്തിലെ അന്തേവാസികളെ പങ്കെടുപ്പിച്ചുകൊണ്ട് ഓണാഘോഷം നടത്തിയ മെഡിക്കൽ കോളേജ് പോലീസിന്റെ സാമൂഹ്യ പ്രതിബദ്ധതയെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു. എന്നും എപ്പോഴും നമുക്ക് സഹായഹസ്തവുമായി എത്താറുള്ള മെഡിക്കൽ കോളേജ് പോലീസിനോടുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞത സെക്രട്ടറിയെന്ന നിലയിൽ ഞാൻ പ്രകാശിപ്പിക്കുകയുണ്ടായി.

ആഗസ്റ്റ് 25ന് ദേവകിവാര്യർ സ്മാരകത്തിലെ താമസക്കാരും, അംഗങ്ങളും അഭ്യുദയകാംക്ഷികളും ചേർന്ന് പൊന്നോണത്തിനെ ആവേശപൂർവം വരവേറ്റു. സുപ്രസിദ്ധ സിനിമാ നടനും ദേവകിവാര്യരുടേയും ഡോ.വാര്യരുടെയും അടുത്ത സുഹൃത്തുമായ ശ്രീ. ഇന്ദ്രൻസ് ആണ് ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ട്രിഡാ ചെയർമാൻ പി.കെ.വേണുഗോപാൽ ആശംസകൾ അർപ്പിച്ചു. തുടർന്ന് ഓണക്കോടി വിതരണവും ഓണസദ്യയും ഉണ്ടായിരുന്നു.




# പുതിയ സംരംഭം

ഒരു പുതിയ സംരംഭംകൂടി തുടങ്ങാനുള്ള പരിശ്രമത്തിലാണ് നാമിപ്പോൾ. വട്ടപ്പാറക്കടുത്ത് കുറ്റിയാനി എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന സജി മെമ്മോറിയൽ ട്രസ്റ്റുമായി സഹകരിച്ച് ഒരു വൃദ്ധസദനവും സാന്ത്വന പരിചരണവും തുടങ്ങാനുള്ള പ്രാരംഭ നടപടികലൾ ആരംഭിച്ചു കഴിഞ്ഞു. യശഃശ്ശരീരനായ അഡ്വ.വി.ജി.ഗോവിന്ദൻ നായരുടെ കുടുംബമാണ് കെട്ടിടവും ഗൃഹോപകരണങ്ങളും സൗജന്യമായി നല്കുന്നത്. ഈ സംരംഭം വിജയകരമായി നടപ്പിലാക്കുന്നതിന് എല്ലാ അഭ്യുദയ കാംക്ഷികളുടേയും നിർലോഭമായ സഹായസഹകരണങ്ങൾ ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. സെപ്തംബറിൽ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കണമെന്നാണ് ആഗ്രഹം.

# ദീപ്തസ്മരണകൾ



പത്മിനി വർക്കി

ഞാൻ സർവ്വീസിൽ നിന്നും 1991 ൽ വിരമിച്ചു. വീടും ആഫീസും ആയി കഴിഞ്ഞിരിക്കയായിരുന്നു. പെൺകുട്ടികളുടെ വിവാഹം കഴിഞ്ഞു. കൊച്ചു മക്കളുമായി. ഇവരുടെയെല്ലാം കാര്യം നോക്കിയാലും എനിക്കു സമയം അധികം. 1992 ൽ വർക്കിങ്ങ് വിമൻസ് അസ്സോസിയേഷന്റെ പ്രസിഡന്റായി. അവിടെ നിന്നാണു ആർ സി സിയിലെ സ്ത്രീ കൂട്ടായ്മയെപ്പറ്റി കേട്ടത്. ഞാനും അതിൽ ഒരംഗമായി. അങ്ങനെ അവിടത്തെ രോഗികളെ ശുശ്രൂഷിക്കാൻ വളണ്ടിയർ ആയി പോയിതുടങ്ങി. അവിടത്തെ അനുഭവങ്ങൾ, വൈകുന്നേരമായാൽ രോഗികൾക്കു താമസിക്കാൻ ഒരിടമില്ലാത്തതും, ചിലരോഗികൾക്കു വേണ്ടി പലയിടത്തും ഓടിനടന്ന കാര്യങ്ങളുമെല്ലാം ഞാൻ ദേവകിവാര്യരോടും സെക്രട്ടറി രാധാമണിയോടും പങ്കുവെക്കുമായിരുന്നു. ദൂരെ നിന്നും വരുന്ന രോഗികൾക്കു താമസിക്കുവാൻ ഒരിടം കണ്ടെത്തണമെന്നു വർക്കിങ്ങ് വിമൻസ് അസ്സോസിയേഷൻ തീരുമാനിക്കുകയും മെഡിക്കൽ കോളേജ് റോഡിൽ തന്നെ ഒരു കെട്ടിടം ശോഭനയാണെന്നാണു എന്റെ ഓർമ്മ കണ്ടെത്തുകയും ചെയ്തു. ശ്രദ്ധ എന്ന നാമകരണം എല്ലാവരും ആലോചിച്ചു സീതാമ്മാൾ ടീച്ചറാണു നിർദ്ദേശിച്ചത്. ആദ്യമെല്ലാം കഞ്ഞിയും പയറും രാത്രി. രാവിലെ ചായ, ബ്രെഡ് എന്നിവയായിരുന്നു കൊടുത്തിരുന്നത്. നാരായണിയും മക്കളും അടുത്ത താമസക്കാരായതിനാൽ ഇവിടത്തെ കാര്യങ്ങളിൽ വളരെയധികം സഹകരിച്ചിട്ടുണ്ട്. ദേവകീ വാര്യരുടെ നേതൃത്വത്തിലെ ഈ സ്ഥാപനം ഉത്ഘാടനം ചെയ്തതും ദേവകീ വാര്യർ തന്നെയായിരുന്നു. അന്നു ആളുകളെ താമസിപ്പിക്കാൻ സ്ഥലം പണം എന്നിവയ്ക്കെല്ലാം പരിധി ഉണ്ടായിരുന്നു. ദേവകീ വാര്യർ കാൻസർ രോഗം ബാധിച്ചു. നമ്മളെയെല്ലാം ദുഃഖത്തിലാക്കിക്കൊണ്ടു ഈ ലോകം വിട്ടു പോയി. മരണശേഷമാണു ദേവകീ വാര്യരുടെ നാമത്തിൽ നമുക്ക് ഒരു സ്ഥാപനം തുടങ്ങണമെന്ന ആശയം സെക്രട്ടറിയ്ക്കും എല്ലാ അംഗങ്ങൾക്കും തോന്നിത്തുടങ്ങിയത്. 18 ലക്ഷം രൂപയ്കു ചാലക്കുടി റോഡിൽ കെട്ടിടം വാങ്ങിയതിൽ എസ് ബി റ്റിയിലെ ഒരു ലോണും ഉണ്ടായിരുന്നു. ഈ വർഷം മാർച്ചിൽ, അങ്ങനെയാണ് എന്റെ ഓർമ്മ, ഞാൻ പീഡിയാട്രിക്സ് വാർഡിൽ പോയി വരുമ്പോൾ ഒരു അമ്മയും മകനും എന്റെ അടുക്കലേക്കു ഓടിവന്നു ആന്റി ഞങ്ങളെ ഓർമ്മയുണ്ടോ എന്നു ചോദിച്ചു. ഞാൻ അന്തം വിട്ടുനിന്നു-ഞങ്ങൾ ശ്രദ്ധയിൽ കണ്ണമ്മൂല താമസിച്ചവരാണ്. ഓർമ്മയില്ലെ ഞങ്ങളെ അന്നു ഇവനു ഒന്നര രണ്ടു വയസ്സെയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അവനു എല്ലാം ഭേദമായി. വല്ലപ്പോഴും ഡോക്ടർ വിളിക്കുമ്പോഴെ ഇവിടെ വരാറുള്ളു എന്നു പറഞ്ഞു. വളരെ സന്തോഷം തന്ന നിമിഷങ്ങളായിരുന്നു അത്. വളരെയധികം രോഗികളും അവരുടെ കൂടെ വന്നവരും ഇവിടെ ശ്രദ്ധയിലും ദ്രിടയിലും വന്നു പോയിക്കൊണ്ടിരിക്കുന്നു. എന്റെ ബന്ധുവായ ഒരു അമ്മ ഒരു മാസത്തിലധികം ഇവിടെ താമസിച്ചിട്ടുണ്ട്. അന്നു താമസം മാത്രം ഉണ്ടായിരുന്നു. ഭക്ഷണം അവർ തന്നെ പാകപ്പെടുത്തി കഴിച്ചിരുന്നു. അവർ അസുഖമെല്ലാം മാറി മക്കളുടെ കൂടെ സുഖമായിരിക്കുന്നു. ഇവിടെ വരുന്ന കുട്ടികൾ ഞങ്ങൾക്കെല്ലാം ഓമനകളാണ്. റ്റിജിൻ, സംഗീത, മേഘ, ഷാബിൻ, ജിഷ്ണു അലീനാ സോണാ ജൂണ, നിരഞ്ജന അങ്ങനെ..... എന്നാൽ നമ്മളെ സങ്കടത്തിൽ ആഴ്ത്തി വിട്ടുപിരിഞ്ഞവരും ഉണ്ട്. ചിപ്പി, ആൻസി, പ്രിൻസ് മുതലായവർ. മേഘക്കു നല്ല ചുരുണ്ട് ഇടതൂർന്ന മുടിയായിരുന്നു. അതെല്ലാം പോയപ്പോൾ എനിക്ക് വിഗ് ഒന്നും വേണ്ടാ ഈ മുടി തിരിച്ചുവരും എന്നു ധൈര്യമായി പറഞ്ഞുകൊണ്ടു ഓടി നടന്നു ഞങ്ങളെ സന്തോഷിപ്പിച്ചവരാണവർ. എന്നെ ഓർക്കണേ ഐഷേന്റി എന്നു പറഞ്ഞ ചിപ്പി നട്ട ജമന്തിയും, പിച്ചി വള്ളിയും ആ കൊച്ചുമിടുക്കിയുടെ ഓർമ്മയിലേക്കു ഞങ്ങളെ നയിക്കുന്നു. ആര്യ പിണറായിയുടെ ഒരു ഗ്രാമത്തിൽ അച്ഛനോടും അമ്മയോടും കൂടെ ഉണ്ട്. ഞാൻ മനസ്സിൽ ആശിക്കുന്നു അവളുടെ അസുഖം ഭേദമായി അവളെ ഒന്നു കാണണമെന്ന്. വളരെ ബുദ്ധിമുട്ടുന്ന ചിലർക്കെല്ലാം ഞാൻ ചില സഹായങ്ങൾ ചെയ്യുമായിരുന്നു. സ്കൂൾ തുറന്നപ്പോൾ അതിൽ ചിലർക്കു ഞാൻ ചില സഹായങ്ങൾ ചെയ്തു. ഉടനെ ഫോണിൽ ചിലർ എന്നെ വിളിച്ചു. അമ്മാമ്മേ അമ്മാമ്മയുടെ അസുഖം ഭേദമാകാൻ ഞാൻ എന്നും പ്രാർത്ഥിക്കുന്നുണ്ട്. അമ്മാമ്മ തന്ന പണം ചാച്ചൻ പോയി എന്റെയും ചേച്ചിമാരുടേയും ബാഗ് എല്ലാം കീറി പൊളിഞ്ഞിരുന്നു. വാങ്ങിതന്നു. അവർ മൂന്നു പെൺകുട്ടികൾ ആയിരുന്നു. ഓർമ്മിക്കാൻ നിന്നാൽ തീരില്ലാ. സുരേഷും ധന്യയും മക്കളും, ഇവിടെ കുറെ മാസങ്ങൾ നിന്നു. ഇപ്പോൾ കുഞ്ഞുങ്ങൾ വലുതായി. ഹരിദാസും ദാസ്യയും മൂന്നു സുന്ദരി പെൺമക്കളും. അവർ പപ്പടം ഉണ്ടാക്കി വിറ്റിട്ടാണു പൈസ കണ്ടെത്തിയത്. പപ്പടം വില്ക്കാൻ ഞങ്ങളെല്ലാം അവരെ സഹായിച്ചിരുന്നു. കണ്ണനും മകനും, നിസ്സാറും മക്കളും, മീഖയും സഞ്ജയും പവിത്രനും മകൻ പ്രിജേഷും അങ്ങനെ ദേവകീ വാരിയർ സ്മാരകം വലിയൊരു കുടുംബമായിരിക്കുകയാണ്. കേരളത്തിൽ നിന്നു കാസർഗോഡു മുതൽ തിരുവനന്തപുരം വരെ മാത്രമല്ല തമിഴ് നാട്ടിൽ നിന്നും രോഗികൾ ഇവിടെ എത്തുന്നു. ദേവകീ വാര്യർ സ്ത്രീ പഠന കേന്ദ്രത്തിലെ അംഗങ്ങൾക്കു കൂടുതൽ ശക്തിയും സന്മനസ്സും, ഉണ്ടാകട്ടെയെന്നു ഞാൻ ആശംസിക്കുകയാണ്.

ദേവകീ വാര്യർ സ്മാരക അവാർഡ് 2015

# ''ന്യൂ ജനറേഷൻ സിനിമയിലെ സ്ത്രീ സങ്കല്പം''

ഒന്നാം സമ്മാനാർഹമായ ലേഖനം



ഓമന.വി.കെ

''നിങ്ങളെ കാണാൻ പഠിപ്പിക്കുക എന്നതാണ് എന്റെ ലക്ഷ്യം'' - ഡി. ഡബ്ള്യു ഗ്രിഫ്ത്. നിഷ്കളങ്കമായ കണ്ണുകൾ കൊണ്ട് പ്രകൃതിയെയും ചുറ്റുപാടുകളെയും കണ്ടുവളർന്ന മനുഷ്യരുടെ യുഗം സിനിമയുടെ വരവോടെ മാറുന്നു. പുതിയ കാഴ്ചകളെല്ലാം സിനിമാറ്റിക് കാഴ്ചകളാണ്. എന്തുകാണണം, എങ്ങിനെ കാണണം എന്നെല്ലാം തീരുമാനിക്കുന്നത് ക്യാമറയും അതിനുപിന്നിലുള്ള മൂലധനവുമാണ്. സിനിമയുൾപ്പെടെ സകലതിന്റെയും മൂല്യം നിർണയിക്കുന്നത് പണവും ലാഭവുമാണ്. വിപണമൂല്യം വിജയിക്കുന്നിടത്ത് മറ്റു മൂല്യങ്ങൾ പരാജയപ്പെടുന്നത് സ്വാഭാവികം മാത്രം. തിയേറ്ററുകളിലെ കളക്ഷൻ മാത്രം നോക്കി നല്ലതോ ചീത്തയോ എന്ന് നിശ്ചയിക്കുന്നിടത്താണ് മനുഷ്യന്റെ ആസ്വാദനതലം പരാജയപ്പെടുന്നത്.

ജനവർഗ്ഗത്തിന്റെ ദൈനംദിന ജീവിതവും സിനിമയും വേറിട്ടുനിൽക്കുന്നില്ല. സിനിമ മനുഷ്യനെ കേന്ദ്രീകരിച്ചുതന്നെയാണ് കഥപറഞ്ഞുപോന്നിട്ടുള്ളത്. ജീവിതവും സ്വപ്നങ്ങളും പ്രതികാരവും ലൈംഗികതയും കുടുംബവും കുടുംബചിത്രങ്ങളും കാഴ്ചകളെ നിറയ്ക്കുന്നു. ജനതയുടെ നിഗൂഢവാഞ്ഛകളെ തൃപ്തിപ്പെടുത്തുന്നതിൽ ഏറ്റവും പ്രായോഗികമായ ഒരു ഭാഷ രൂപപ്പെടുത്തിയിട്ടുള്ള ജനപ്രിയ സിനിമയുടെ ദൃശ്യ-ആഖ്യാന സൂചകങ്ങളെ നിർധാരണം ചെയ്യുകയും മറികടക്കുകയും ചെയ്യുക എന്നത് എളുപ്പമല്ല. ആ സാഹസത്തിലേക്കുള്ള ചെറു ചുവടുവെപ്പുകളാണ് ഓരോ 'ന്യൂ ജനറേഷൻ' സിനിമയും. വിശ്വോത്തര ചലച്ചിത്രകാരന്മാരൊക്കെ അവരുടെ മാസ്റ്റർപീസുകൾ സൃഷ്ടിച്ചുകഴിഞ്ഞപ്പോഴും ഐസെൻസ്റ്റീൻ, ചാപ്ലിൻ, ഗ്രിഫ്ത്, ഡിസീക്ക, അന്തോണിയോണി, ഫെല്ലിനി, റെനെ, ബർഗ്മാൻ, ഗൊദാർദ്, കുറസോവ, ഓസു, റായി, ഘട്ടക്, ബുനുവൽ വൈദ, ന്യൂസ് പേപ്പർ ബോയി, രാരിച്ചനെന്ന പൗരൻ, അടിമകൾ, നീലക്കുയിൽ, ചെമ്മീൻ, ഓളവും തീരവും എന്നിങ്ങനെ വിരലിലെണ്ണാവുന്ന ചിത്രങ്ങൾ ഒഴിച്ചുനിർത്തിയാൽ സിനിമയെന്നു വിളിക്കാവുന്നതരം കാഴ്ചകൾ മലയാളത്തിലില്ലായിരുന്നു. ഇത്തരം സിനിമകളിലൊക്കെ സ്ത്രീകൾ വെറും അലങ്കാരങ്ങളോ നിഴലുകളോ അങ്ങിനെ മറന്നുപോകുന്ന കെട്ടുകാഴ്ചകളോ മാത്രമായിരുന്നു. കണ്ണീരും കരണത്തടി ഏറ്റുവാങ്ങലും വഴങ്ങലുമുള്ള 'തിരിച്ചറിവുകൾ' പുരുഷനിലൂടെ മാത്രം സ്വായത്തമാക്കുന്നവളുമായിരുന്നു. ന്യൂജനറേഷന്റെ ആലഭാരങ്ങളില്ലാതെ തന്നെ അരവിന്ദൻ, അടൂർ ഗോപാലകൃഷ്ണൻ, കെ.ജി. ജോർജ്, കെ.പി. കുമാരൻ, പവിത്രൻ, ബക്കർ, രവീന്ദ്രൻ, ജോൺ അബ്രഹാം തുടങ്ങിയവർ പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് ചലച്ചിത്രഭാഷയിൽ അത്ഭുതകരമായ പരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. അവിടെയൊക്കെ സ്ത്രീയുടെ ചിരപുരാതന സങ്കൽപങ്ങൾ പാടെ മാറ്റപ്പെട്ടു എന്ന് അവകാശപ്പെടാനാവില്ലെങ്കിലും സ്ത്രീകൾ അലങ്കാരങ്ങളായല്ലാതെ കഥാഗതിയെ നയിക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്നതിൽ മോശമല്ലാത്ത പങ്കുവഹിക്കുന്ന സ്ത്രീകൾ എന്ന ഒരു പുതിയ കാഴ്ചപ്പാട് രൂപപ്പെട്ടുവരികതന്നെ ചെയ്തു. ആർട്ട് സിനിമക്കാർ നടത്തിയ മാധ്യമപരീക്ഷണങ്ങളെ ക്രൂരമായി അധിക്ഷേപിച്ചുകൊണ്ടിരുന്ന ചലച്ചിത്ര വണിക്സമൂഹം സിനിമയിൽ തല നിവർത്തി നിൽക്കാൻ തുടങ്ങിയ സ്ത്രീകഥാപാത്രങ്ങളെ കച്ചവടസിനിമയിലേക്ക് തള്ളിമാറ്റുകയും അവർ വീണ്ടും വെറും ശരീരമായി അധ:പതിക്കുകയും ചെയ്തു.

നവോത്ഥാനപാരമ്പര്യത്തെ വിസ്മൃതിയിലാഴ്ത്തി ഉപഭോഗസംസ്കൃതി കൊണ്ട് മുടിയ മധ്യവർഗ്ഗപ്രത്യയശാസ്ത്രം കേരളീയ സമൂഹത്തെ ഗ്രസിച്ചു തുടങ്ങി. ഈ പരിതോവസ്ഥ എൺപതുകളിലെ സിനിമയിലും ചിഹ്നപ്പെട്ടുതുടങ്ങി. അമ്മ, ശാലീന കാമുകി, വിധേയഭാര്യ എന്നീ പഴകിയ ഭാരതീയ സങ്കല്പങ്ങൾക്കുപുറമേ ഉപഭോഗവസ്തു എന്ന പുതിയ മുതലാളിത്ത ചിഹ്നം കൂടി സിനിമ സ്ത്രീകൾക്ക് ചാർത്തിക്കൊടുത്തു. പഴയസിനിമകളിൽ ജാള്യത്തോടെ മാത്രം പ്രത്യക്ഷപ്പെട്ടിരുന്ന നഗ്നതാപ്രകടനങ്ങൾ പ്രകടമായി അവതരിപ്പിച്ചുതുടങ്ങി. അങ്ങനെ മുഖവും ശരീരവും കാണിക്കുകയും മറഞ്ഞുപോവുകയും ചെയ്തിരുന്ന സ്ത്രീകഥാപാത്രങ്ങൾ പാർശ്വവൽക്കരിക്കപ്പെടാതെന്തുചെയ്യാൻ?

മഞ്ജുവാര്യർ, ദിവ്യാഉണ്ണി, ശാലിനി, കാവേരി, ജോമോൾ തുടങ്ങിയ കൗമാരക്കാരായ നായികമാർ കടന്നുവന്ന രണ്ടാംഘട്ടത്തിൽ (അത്രവരെ മുതിർന്ന പെണ്ണുങ്ങൾ തന്നെയായിരുന്നു കൗമാരക്കാരായി നടിച്ചിരുന്നത്) പ്രേക്ഷക ശ്രദ്ധകിട്ടുന്ന ചില കഥാപാത്രങ്ങളുണ്ടായി. നായികാപ്രാധാന്യമുള്ള വിഷയങ്ങളും കഥകളും വീണ്ടും പൊന്തിവരികയും മലയാളസിനിമയിൽ 'നായികാവസന്തം' എന്ന് കൊട്ടിഘോഷിക്കപ്പെടുകയും ചെയ്ത 90 കളുടെ രണ്ടാം പകുതി. പ്രായം കുറഞ്ഞ നായികമാരുടെ കഴിവിനൊപ്പം അവരുടെ അംഗപ്രത്യംഗ വടിവുകളിൽ തത്തിക്കളിച്ച ക്യാമറാകണ്ണുകൾ പ്രേക്ഷകന്റെ മനസ്സിനെ കലുഷിതമാക്കി. സ്വന്തം അഭിനയത്തികവുകൊണ്ടുതന്നെ സിനിമയിൽ സ്വന്തം സ്ഥാനം ഉറപ്പിക്കുമ്പോഴും സ്ത്രീയുടെ വിപണനമൂല്യങ്ങൾ നിലനിന്നിരുന്നു എന്നതാണ് പരിതാപകരം. പരിണയത്തിൽ മോഹിനി അവതരിപ്പിച്ചിരുന്ന ഉണ്ണിമായയെന്ന കഥാപാത്രത്തിന്റെ ഭാവപ്പകർച്ചയിൽ ഉയരുന്ന ചോദ്യങ്ങൾ നവസിനിമകളുടെ സംവിധായകരും സ്വയം ചോദിച്ചുനോക്കേണ്ടതാണ്. ചിന്താവിഷ്ടയായ ശ്യാമള, മകമ്മ, ആലീസിന്റെ അന്വേഷണം തുടങ്ങിയ അപൂർവ്വം സിനിമകളിൽ ഇത്തരം ചോദ്യങ്ങൾ വീണ്ടും ഉയരുന്നുണ്ട്. എല്ലാ പ്രായത്തിലുമുള്ള പുരുഷകഥാപാത്രങ്ങൾ സിനിമയിൽ (ജീവിതത്തിലും) ഏതു പ്രായത്തിലുമുള്ള ജീവിതപങ്കാളിയെ അനായാസം സ്വന്തമാക്കുന്നതുകാണാം. വിധവയും വിഭാര്യനും സമൂഹം കല്പിക്കുന്ന ഇരട്ടത്താപ്പുനയം സിനിമയിലും ഒട്ടും കുറവല്ല. വിധവ, ഒരു കുഞ്ഞിന്റെ അമ്മ എന്നീ ലേബലുകളുള്ള അപൂർവ്വം നായികാകഥാപാത്രങ്ങൾ നായകന്റെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തപ്പെടുന്നുണ്ട്. പക്ഷെ അവിടെ ഒളിഞ്ഞിരിക്കുന്ന ഒരു ബ്ലാക്ക്ഹ്യൂമർ ഉണ്ട്. അവൾ എന്തൊക്കെയോ കാരണങ്ങളാൽ അനാഘ്രാതമായിരിക്കും. കുഞ്ഞ് ഒരിക്കലും അവർ പ്രസവിച്ചതുമായിരിക്കില്ല. (ഭർത്താവിൽ നിന്ന് ബോണസ്സായി ലഭിച്ചതോ, അനാഥയോ ആയ ഒരു കുഞ്ഞ് അവളുടെ ജീവിതത്തിൽ ഉൾച്ചേർന്നുപോയതായിരിക്കും). 99% വും ഇങ്ങനെ സംഭവിക്കുന്നത് യാദൃശ്ചികതയാണോ കാലികമായി തുടർന്നുവരേണ്ട പെണ്ണവസ്ഥകൾ ബോധപൂർവ്വം ചിത്രീകരിക്കപ്പെടുന്നതാണോ?

വയലൻസിന്റെയും സെക്സിന്റെയും അതിപ്രസരം സിനിമകളിൽ കടന്നുകയറ്റം നടത്തുമ്പോൾ സ്ത്രീകൾ വീണ്ടും കൂടുതൽ കൂടുതൽ വിപണനവൽക്കരിക്കപ്പെടുന്നു. വസ്ത്രധാരണം ഒരു അജണ്ടയാവുകയും വേഷങ്ങൾ സ്ത്രീശരീരപ്രദർശനത്തിനുള്ള പുതിയ മാനങ്ങൾ ആവിഷ്ക്കരിക്കുകയുമായി. യാഥാർത്ഥ്യത്തിന്റെ എത്രയോ മടങ്ങ് വികാരം സൃഷ്ടിക്കാൻ പ്രതിച്ഛായയ്ക്കു സാധിക്കും. രതിയേക്കാൾ രതിചിത്രീകരണം വികാരമുണർത്തുന്നത് അതുകൊണ്ടാണ്. യഥാർത്ഥ അക്രമത്തേക്കാൾ ആഘാതമേൽപ്പിക്കാൻ അതിന്റെ ദൃശ്യാവിഷ്ക്കാരത്തിനു കഴിയും. ആണും പെണ്ണും തമ്മിലുള്ള ബന്ധം വെറും കിടപ്പറ ബന്ധം മാത്രമാണെന്നുസ്ഥാപിക്കാൻ സിനിമ നടത്തിയ ഇടപെടലുകളിൽ എല്ലാം ശരീരത്തിന്റെ ആഘോഷമായിത്തീരുന്നു. സ്ത്രീകളുടെ വ്യക്തിത്വത്തിനും ഉന്നതചിന്തകൾക്കുമെല്ലാം ഇത് ബാൻ കൽപ്പിക്കുന്നു.

അധോലോകത്തിന്റെ സാന്നിദ്ധ്യത്തിൽ അരങ്ങേറുന്ന ദൃശ്യസംഘാതങ്ങളാണ് പുതിയ ലോകത്തിലെ സിനിമക്കാഴ്ചകൾ. മദ്യവും മയക്കുമരുന്നും പെൺവാണിഭവും കൊള്ളയും കൊലയും അരങ്ങുതകർക്കുന്ന അധോലോകമണ്ഡലത്തിൽ മൂല്യങ്ങൾ നിരാസിക്കപ്പെടുന്നു എന്ന മുറവിളി അപ്രസക്തമാണ്. മുതലാളിത്ത സമൂഹത്തിൽ ക്യാമറയും പുരുഷക്കണ്ണുകളായി പ്രവർത്തിക്കുന്നു. വോയറിസവും ഫെറ്റിഷിസവും സിനിമാനിരീക്ഷണത്തിലെ പ്രധാന കാര്യമാവുന്നു. ഒരു ആഗ്രഹ വസ്തുവെന്ന നിലയിൽ സ്ത്രീശരീരം രൂപപ്പെടുമ്പോൾ ഫെറ്റിഷിസത്തിന്റെ കടന്നുകയറ്റം എളുപ്പമാകുന്നു. പുരുഷശരീരം സാധാരണവും സ്ത്രീശരീരം പ്രഹേളികയുമാകുന്നു.

ദൃശ്യവിസ്മയങ്ങളിലൂടെ പിറന്നുവീണയുടനെ വളർന്നു വലുതാകുന്ന പുരാണകഥാപാത്രങ്ങളെപ്പോലെ കുട്ടികൾ മാറുന്ന ഭീതിതമായ കാഴ്ചയും (നോട്ടുബുക്ക്...) വെള്ളിത്തിര നമ്മിൽ അടിച്ചേൽപ്പിക്കുന്നു. പ്രായവ്യത്യാസമെന്യേ വികൃതമാക്കപ്പെടുന്ന ഒരു പ്രത്യേകവർഗമാണോ സ്ത്രീകൾ? ലോകത്തിന്റെ ഗതി തന്നെ മാറ്റിമറിക്കാൻ കഴിവുള്ള സ്ത്രീകളെ കമ്പോളനീതിയിൽ നിന്നും മോചിപ്പിക്കേണ്ടതില്ലേ?

പ്രിയനന്ദന്റെ 'ഞാൻ നിന്നോടു കൂടെയുണ്ട്' എന്ന സിനിമയിൽ സ്ത്രീകൾക്ക് പ്രാധാന്യമുള്ള സാമൂഹ്യക്രമത്തിന് അടിവരയിടുന്ന മാതൃകയുടെ സ്വപ്നം കാണുന്നതിനാൽ വധശിക്ഷയ്ക്കു വിധിക്കപ്പെടുന്ന ഒരു കഥാപാത്രമുണ്ട്. അയാൾ ചെയ്ത മറ്റു തെറ്റുകളൊക്കെ ക്ഷമിക്കപ്പെടുമ്പോൾ സ്ത്രീയുടെ മുന്നേറ്റമുള്ള ഒരു ലോകക്രമത്തിന്റെ സ്വപ്നക്കാഴ്ച പോലും മാപ്പർഹിക്കാത്ത കുറ്റമായി മാറുന്നു. ഇതുതന്നെയാണ് നമ്മുടെ സമൂഹമനസ്സും.

1970 കളിലെ നവതരംഗം മലയാള സിനിമയിലെ പ്രമേയ പരിസരങ്ങളെയും ആഖ്യാനശൈലികളെയും അഭിനയരീതികളെയും മാറ്റിമറിച്ചു. ന്യൂജനറേഷൻ സിനിമകൾ ആരംഭിക്കുന്നത് ആ കാലഘട്ടത്തിലാണെന്ന് പറയാം. പഴമയുടെ കെട്ടുപാടുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ടുള്ള ഓരോ ചുവടുവെയ്പും മാറ്റത്തിന്റേതാണ്. പുതിയ കൂട്ടം സംവിധായകർ കടന്നുവരികയും രണ്ടുതരത്തിലുള്ള സിനിമാരീതികൾ നടപ്പിലാകുകയും ചെയ്തു. മന്ദഗതിയിലും ധ്യാനാത്മകതയിലും ഊന്നുന്നു. പ്രതിലാവണ്യത്തിന്റെ ഭാഷ കൈകാര്യം ചെയ്ത ഒരു വിഭാഗവും വർണശബളവും ശബ്ദാനമയവുമായ കച്ചവട സിനിമകൾ ചെയ്യുന്ന രണ്ടാമത്തെ വിഭാഗവും. രണ്ടിലും സ്ത്രീ സാന്നിധ്യങ്ങളുണ്ടായിരുന്നെങ്കിലും 'സ്ത്രീ ഒരു സാന്നിധ്യമായി' അനുഭവപ്പെടുന്നില്ല. അടൂരിന്റെ സ്വയംവരം മുതൽ മതിലുകൾ വരെയുള്ള സിനിമകളിൽ തീർത്തും അവഗണിക്കാൻ കഴിയാത്ത ചില സ്ത്രീകഥാപാത്രങ്ങളുടെ മിന്നലാട്ടങ്ങളുണ്ട്. അരവിന്ദന്റെ ഉത്തരായനം മുതൽ മാറാട്ടം വരെയുള്ള സിനിമകളിൽ കുറച്ചുകൂടി കരുത്തരാവാൻ ശ്രമിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ കടന്നുവരുന്നു. എം.ടി യുടെ നിർമാല്യം മുതലുള്ള പല സിനികളിലും പരമ്പരാഗത സ്ത്രീ മണ്ഡലത്തിൽ നിന്നുകൊണ്ടുതന്നെ കഥാഗതിയെ നിയന്ത്രിക്കുകയും ചില സന്ദർഭങ്ങളിൽ പുരുഷനെ പിൻതള്ളി ജീവിതത്തിന്റെ സ്റ്റിയറിംഗ് കൈയാളുന്ന കരുത്തരായ പെൺകഥാപാത്രങ്ങളെ കണ്ടെത്താം. കെ.ആർ. മോഹനന്റെ അശ്വത്ഥാമാവ്, പുരുഷാർത്ഥം തുടങ്ങിയ സിനിമകളും സ്ത്രീകളോട് നീതിപുലർത്തുന്നുണ്ട്. തുടർന്നുള്ള വഴികളിലെവിടെയോ സ്ത്രീക്ക് സ്വന്തം സ്വത്വം നഷ്ടപ്പെട്ടുതുടങ്ങുന്നു.

ശ്യാമപ്രസാദിന്റെ സിനിമകളിൽ പലപ്പോഴും ശക്തമായ സ്ത്രീകഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. ന്യൂജനറേഷൻ തരംഗത്തിൽ ഇവയൊന്നും അടയാളപ്പെടുത്താതെപോകുന്നു. കല്ലുകൊണ്ടൊരു പെണ്ണ്, അഗ്നിസാക്ഷി തുടങ്ങിയ സിനിമകളിൽ കരുത്തുള്ളവരെന്നവകാശപ്പെടുന്ന പുരുഷന്മാരുടെ പിൻവിളികളിൽ തടഞ്ഞുനിൽക്കാതെ സ്വന്തം സ്വത്വം കാത്തുസൂക്ഷിക്കുന്ന നായികമാരുടെ വ്യക്തിപ്രഭാവം കാണാം. സാധാരണസ്ത്രീകല്പനകളിൽ നിന്നുതന്നെ അവർ സ്വന്തം വ്യക്തിത്വം സംരക്ഷിക്കുന്നു.

പ്രമേയപരമായും ആഖ്യാനപരമായും മലയാളസിനിമയെ പുതുക്കിപ്പണിയുക എന്ന കൃത്യമായ ലക്ഷ്യത്തോടെയാണ് 2000 നുശേഷമുള്ള ന്യൂജനറേഷൻ സിനിമകളിറങ്ങിയത്. 'ട്രാഫിക' തൊട്ട് എന്ന് പുതുചരിത്രം രേഖപ്പെടുത്തുമ്പോഴും ശ്യാമപ്രസാദ് 'ഋതു' എന്ന ചിത്രത്തിലൂടെ ഭാവുകത്വപരമായി ഇത് തുടങ്ങി വെച്ചത് എന്ന് നാം മറന്നുകൂടാ. അതിനുമുമ്പ് തന്നെ താൻ തുടങ്ങിവെച്ച ഒരു പന്ഥാവിലൂടെ വ്യക്തമായ ലക്ഷ്യത്തോടെ അദ്ദേഹം ഋതു നിർമിക്കുന്നു. ക്യാമറ, നരേഷൻ, ട്രീറ്റ്മെന്റ് ശിഥിലമായ പ്ലോട്ട് തുടങ്ങിയവയിലൂടെ രേഖീയമായ ആഖ്യാനത്തിൽ നിന്നും വ്യതിചലിച്ച് ബഹുതലആഖ്യാനമാണ് ഇത് പിന്തുടരുന്നത്. ഒരു നായകൻ, ഒരു നായിക, അവരുടെ വൃത്താന്തം ഈ രീതി മാറുകയും ജീവിതത്തിന്റെ ബഹുമുഖ വൃത്താന്തങ്ങൾ സ്ക്രീനിൽ കൊണ്ടുവരികയും അവയ്ക്ക് പൊതുവായ സ്പോട്ട് അടയാളപ്പെടുത്തുകയും ചെയ്യുന്നു. പല മാർഗങ്ങളിലൂടെ താരപരിവേഷത്തെ നിഷേധിച്ച് കൊണ്ട് സാങ്കേതികമായിത്തന്നെ ഇവ വേറിട്ടു നിൽക്കുന്നു. ഉത്തമനായക/നായിക സങ്കൽപത്തെ അത് നിഷേധിക്കുകയും അഭിനേതാക്കളുടെ ഓഫ് സ്ക്രീൻ പ്രതിച്ഛായകളെപ്പോലും മാറ്റിമറിക്കുകയും ചെയ്തു. സ്ത്രീകഥാപാത്രങ്ങളെ സംബന്ധിച്ച് പാരമ്പര്യധാരണകൾ - ഉദാഹരണമായി പാതിവ്രത്യം, കന്യകാത്വം, സൗന്ദര്യസങ്കൽപങ്ങൾ, ലൈംഗികതപ്രണയം




തുടങ്ങിയവയെ കുറിച്ചുള്ള ഭാരതസങ്കൽപങ്ങളെ ന്യൂജനറേഷൻ സിനിമ ചോദ്യം ചെയ്യുന്നു. സംവിധായകർക്ക് സമർപ്പിക്കപ്പെട്ട നായക/നായിക ശരീരങ്ങൾ പുതിയ രീതിയിൽ മോൾഡ് ചെയ്യപ്പെട്ടു. സ്ത്രീക്ക് ലിംഗഛേദം നടത്താൻ കിടന്നുകൊടുക്കുന്ന മെട്രോ കാമനകളുടെ പുരുഷശരീരം (22 FK) സിനിമയിൽ വരുന്നത് അങ്ങിനെയാണ്. സ്വാഭാവിക ചലനങ്ങൾ പ്രൊഫഷണൽ ആയ ചലനങ്ങൾക്കു പകരം സിനിമയിൽ രേഖപ്പെട്ടു. മുടിയില്ലാത്ത, ഈഗോ ഇല്ലാത്തവൻ എന്ന് നായകനെ വിളിക്കാൻ സ്വാതന്ത്ര്യമുള്ള നായികമാർ രംഗത്തെത്തി (ഡയമണ്ട് നെക്ലേസ്). ഈ സിനിമകൾ അഭിമുഖീകരിക്കുന്നത് പുതുതലമുറയെയാണ് എന്നുള്ളതാണ് സവിശേഷത, സിനിമാക്കാഴ്ചകൾ ക്യാമ്പസ് യുവത്വങ്ങളിൽ അഭിരമിക്കപ്പെടുന്ന കാലഘട്ടത്തിൽ അവയ്ക്കനുസരണമായ അനുരൂപീകരണം സിനിമകളിലും സംഭവിക്കുന്നു. സ്വാഭാവികമായും അവർക്കുവേണ്ട ചേരുവകൾ പ്രമേയപരമായി ഈ ചിത്രങ്ങൾ ഉൾക്കൊള്ളുകയും ചരിത്രപരമായും സാമൂഹ്യപരമായും പ്രസക്തമായത് എന്ന് മധ്യകാലതലമുറയ്ക്കു തോന്നിയവയെ പുറന്തള്ളുകയും ചെയ്യുന്നു.

എഴുപതുകളിലും തൊണ്ണൂറുകളിലും ഇവിടെ ഉണ്ടായിരുന്ന സാമൂഹിക-രാഷ്ട്രീയ ബോധങ്ങളെ ആഗോളവൽക്കരിക്കപ്പെട്ട കാലം മാറ്റി എഴുതുകയുണ്ടായിട്ടുണ്ട്. ഗ്ലോബൽ എന്നത് പുതിയ തലമുറയെ സംബന്ധിച്ച ഒരു സാംസ്കാരിക അനുഭവം കൂടിയാണ്. അന്താരാഷ്ട്രചലച്ചിത്രമേളകളിലും മറ്റും പ്രദർശിപ്പിക്കാറുള്ള അന്യഭാഷാചിത്രങ്ങളുടെ ചുവടുപിടിച്ചാണ് ഇവയുടെ വരവ്. ചലച്ചിത്രങ്ങൾ പൂർണമായും സാംസ്കാരിക പുന:സൃഷ്ടിയാണ് (translation). ചാപ്പാക്കുരിശ് (hand phone - കൊറിയ) ബാച്ചിലർ പാർട്ടി (exiled - ഹോങ്കോങ്ങ്) ചിലത് അഡാപ്ഷൻ, പ്രചോദനം തുടങ്ങി ഇതിനുപിന്നിലുള്ളവർ തന്നെ വെളിപ്പെടുത്തുന്ന കാറ്റഗറിയിൽപെടുത്താം. കഥാപാത്രങ്ങളിൽ അച്ഛൻ, അമ്മ കഥാപാത്രങ്ങൾ അപ്രധാനമാകുന്നു. നഗരങ്ങളിലാണ് മിക്കപ്പോഴും കഥകൾ നടക്കുന്നത്. സ്ത്രീകഥാപാത്രങ്ങൾ നമ്മുടെ സാമാന്യചിന്തകളെയും മുറിപ്പെടുത്തിക്കൊണ്ട് സ്വതന്ത്രചിന്തകരായി മാറുന്നു. വേഷം, ഭാഷ, ജീവിതരീതികൾ എല്ലാം തകിടം മറിയുന്നു. കാമുകനോടും ഭർത്താവിനോടും സമൂഹത്തിനോടും പ്രതികരിക്കാൻ ശേഷിയുള്ള സ്ത്രീകൾ സിനിമയിൽ നിറയുന്നു. ഡൈവോഴ്സ് ഒരു സാധാരണ വിഷയമാകുന്നു. സർവ്വംസഹകളായ മാലാഖമാർ മാഞ്ഞുപോകുകയും പ്രതികാരം ചെയ്യാൻ കരുത്തുനേടി രാക്ഷസതയിലേക്ക് (?) പോലും നീങ്ങുകയും ചെയ്യുന്നു. (22 FK) (സാധാരണയായി ഛേദിക്കപ്പെടേണ്ടത് സ്ത്രീയുടെ മൂക്കും മുലയുമാണല്ലോ) നായികമാർ വഞ്ചിക്കപ്പെടുകയും കണ്ണീരൊഴുക്കുകയും മരണത്തിലേക്കും നിരാലംബതയിലേക്കും വലിച്ചെറിയപ്പെടുകയും ചെയ്യുന്ന കഥ മാറുകയും നായകനെ വിറ്റ് കാശാക്കാൻ ശ്രമിക്കുന്ന നായികമാർ അരങ്ങേറ്റം നടത്തുകയും ചെയ്യുന്നു (ഡാ തടിയാ) ആണുങ്ങളുടെ മദ്യപാനപരാക്രമങ്ങൾ സഭ്യവും അംഗീകൃതവുമാവുകയും മദ്യക്കാഴ്ചകളില്ലാത്ത സിനിമകൾ ഇല്ലാതാവുകയും ചെയ്തിട്ടും സ്ത്രീകളുടെ മദ്യപാനം അപൂർവ്വക്കാഴ്ചയാണ്. അഥവാ വല്ല സൊസൈറ്റി ലേഡികളോ ചേരിപ്രദേശത്തുകാരികളോ മദ്യപിക്കുന്നുണ്ടെങ്കിൽ അവർ തീർച്ചയായും നെഗറ്റീവ് കഥാപാത്രമായി കഥ മാറുന്നു. മദ്യം നിത്യജീവിതത്തിന്റെ ഭാഗമാകുന്ന സിനിമകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നായികയുടെ നേതൃത്വത്തിൽ പരസ്യമായി മദ്യപിച്ച് ആഘോഷിക്കുന്ന സ്ത്രീകൾ (സാൾട്ട് & പെപ്പർ) അപകടത്തിൽപ്പെടുന്ന നായികയുടെ സ്ഥിരം ക്ലീഷേകൾ മാറി സ്റ്റണ്ട് ചെയ്യുന്ന സ്ത്രീകൾ (പെൺപട്ടണം, ഇതിഹാസ) മറച്ചുവെക്കുകയും ചെയ്യുന്ന സ്ത്രീകൾ (1000 സെൽഷ്യസ്) ഇങ്ങനെയുള്ള പുതു കാഴ്ചകൾ സിനിമയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. ചതിക്കുന്ന സ്ത്രീകൾ മറ്റൊരു കാഴ്ചയാണ്. അത്തരം സിനിമകളുടെ എണ്ണം പിന്നെയും കൂടും. ഡാ തടിയാ, 1983, ബൈസിക്കിൾ തീവ്സ്, അപൂർവരാഗങ്ങൾ, യു ടൂ ബ്രൂട്ടസ്, ഇയോബിന്റെ പുസ്തകം, ബ്യൂട്ടിഫുൾ മിക്കവാറും സിനിമകളിൽ കെട്ടുപാടുകൾ പൊട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീകളെയും കാണാം (ബാംഗ്ലൂർ ഡെയ്സ്, ഓം ശാന്തി ഓശാന, ബ്യൂട്ടിഫുൾ)

തുടക്കത്തിൽ പ്രസ്താവിച്ചതുപോലെ ന്യൂജനറേഷൻ സിനിമകളിൽ (ഓരോ കാലത്തും പാരമ്പര്യചട്ടക്കൂടുകൾ തകർത്തെറിയുന്ന ന്യൂജനറേഷൻ സിനിമകളിൽ ഉണ്ടായിട്ടുള്ളതിനാൽ ഇന്നത്തെ ന്യൂജനറേഷൻ സിനിമകളിൽ എന്ന് തിരുത്താം) ഋതുവിന് ഒന്നാമത്തെ സ്ഥാനം നൽകാമെന്ന് തോന്നുന്നു. ശരത് (നിഹാൽ) വർഷ (റീമകല്ലിങ്കൽ) സണ്ണി എന്നീ മൂന്നു സുഹൃത്തുക്കളുടെ കഥ പറയുമ്പോൾ അതിനു സമാന്തരമായി ജയാമേനോൻ എന്ന (സറീന ബാലു) ബോസ് കടന്നുവരുന്നുണ്ട്. സ്ത്രീപുരുഷന്മാർക്ക് ഒരേ പ്രാധാന്യം നൽകിക്കൊണ്ടാണ് കഥ മുന്നോട്ടുപോകുന്നത്. സോഫ്ട്വെയർ കിഡ്സിന്റെ എല്ലാ യാന്ത്രികതയും അവരിലുണ്ട്. നായിക ഒന്നിലധികം പുരുഷന്മാരുമായി ഇടപഴകുന്നു. സാമ്പത്തിക നേട്ടങ്ങളും ഔദ്യോഗിക സ്ഥാനങ്ങളും മാത്രമാണ് അവളെ നയിക്കുന്നത്. ശരത്തിന്റെ മനസ്സിലെ ആർദ്രത തൊട്ടറിയാനൊന്നും അവൾക്ക് നേരമില്ല. ഇടക്കു മുറിഞ്ഞുപോകുന്ന സൗഹൃദങ്ങൾ തിരിച്ചു പിടിക്കുന്നതിനപ്പുറം മാനസാന്തരം വന്ന് ലക്ഷണമൊത്ത പെണ്ണായി മാറാനൊന്നും അവൾക്ക് താല്പര്യമില്ല. തിരിച്ചു പിടിക്കാൻ കഴിയാതെ പോകുന്ന സൗഹൃദങ്ങളും അവളെ വല്ലാതെയൊന്നും ഉലയ്ക്കുന്നില്ല. സാധാരണയായി പുരുഷന്മാരിൽ ആരോപിക്കപ്പെടുന്ന 'വർക്ക് ഹോളിക്' ആയ അവസ്ഥയിലാണ് ജയാമേനോൻ. ഭർത്താവിന്റെ കുടുംബം, കുട്ടിസെന്റിമെന്റ്സ് അവളെ ബാധിക്കുന്നില്ല. Just enjoy എന്നതാണ് ജയയുടെ നിലപാട്. ഭാര്യാഭർത്താക്കന്മാർക്കിടയിലെ സംഭാഷണങ്ങൾ പോലും യാന്ത്രികം. ജോലിയുടെ ഗ്രോത്ത് കുറയുന്നതിനാൽ അവൾക്ക് പ്രസവിക്കാൻ വയ്യ. പ്രൊഫഷണലായി മാത്രം ചിരിക്കാനും സംസാരിക്കാനും ജീവിക്കാനുമാണ് അവൾ ഇഷ്ടപ്പെടുന്നത്. അതിനിടയിൽ അലോസരപ്പെടുന്ന ദാമ്പത്യമോ ഭർത്താവിന്റെ വിരക്തിയോ അവളെ തെല്ലും അലട്ടുന്നില്ല. കമ്പനിയെ ചതിക്കാനുള്ള സണ്ണി (ആസിഫ്) യുടെ ശ്രമം ശരത്തിന്റെ

സഹായത്തോടെ കണ്ടെത്തുകയും കൃത്യമായ പണിഷ്മെന്റ് നിശ്ചയിക്കുകയും ചെയ്യുമ്പോൾ അവൾ ശരിക്കും 'ബോസ്' ആകുന്നു. കമ്പനിക്ക് ഭീമമായ ലാഭം ലഭിക്കുന്ന ഓഫർ കിട്ടുമ്പോൾ സഹപ്രവർത്തകർക്ക് ഗംഭീരമായ ട്രീറ്റ് നൽകുന്നതോടൊപ്പം ഭർത്താവിന് പുതിയൊരു ATM നൽകി Just enjoy എന്ന് ഓർമ്മിപ്പിക്കാനും അവൾ മറക്കുന്നില്ല. ഇത്തരം ന്യൂജനറേഷൻ സ്ത്രീസങ്കൽപങ്ങൾ സ്വാതന്ത്ര്യം എന്ന പദത്തെ സ്വയം വ്യാഖ്യാനിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. Tradition ആയിട്ടുള്ള concepts തകർന്നുവീഴുന്നത് ഇതുവിൽ കാണാം. ബിപിൻ പ്രഭാകർ സംവിധാനം ചെയ്ത 'മെട്രോ'യിൽ ഭാവന കൈകാര്യം ചെയ്യുന്ന അനുപമ എന്ന IT ഉദ്യോഗസ്ഥയ്ക്ക് സ്വാതന്ത്ര്യബോധവും ജീവിതവും തമ്മിൽ അനുനയിപ്പിച്ചുകൊണ്ടുപോകാൻ കഴിയാതെ വരുന്നു. പലപ്പോഴും നമ്മുടെ സ്ഥിരം നായികമാരുടെ ചാനലിലേക്ക് അനുപമ വഴുതിവീഴുന്നു. സിബി മലയിൽ സംവിധാനം ചെയ്ത 'അപൂർവരാഗങ്ങളിൽ' പതിവുരീതിയിൽ വഞ്ചിക്കപ്പെടുന്ന നിഷ്കളങ്കയായ നായികയാണ് നാൻസി (നിത്യാമേനോൻ). പ്രണയത്തിനായി സ്വന്തം പിതാവിനെപ്പോലും തള്ളിപ്പറയുന്ന ടിപ്പിക്കൽ സ്ത്രീ. എന്നാൽ രണ്ടാം പകുതിയിൽ വളരെ മധുരമായി പ്രതികാരം നിർവഹിക്കുന്ന ശക്തമായ കഥാപാത്രമായി നാൻസി വളരുന്നു. നായകന്റെ മാനസാന്തരം അവളെ വിവശയാക്കുന്നില്ല. (അവൾ അങ്ങനെ അഭിനയിക്കുന്നുണ്ടെങ്കിലും)

രാജീവ്പിള്ള സംവിധാനം നിർവഹിച്ച 'ട്രാഫിക്' സന്ധ്യയുടെ നായികയ്ക്ക് വലിയ പ്രാധാന്യമൊന്നും നൽകുന്നില്ല. കാമുകന്റെ മരണത്തിൽ തകർന്ന് അവന്റെ മാതാപിതാക്കളിൽ അഭയം കണ്ടെത്താൻ ശ്രമിക്കുന്നവൾ. വളരെ തിക്ത മായൊരു ദാമ്പത്യം വലിച്ചെറിയാനുള്ള അവളുടെ ധീരത കാമുകന്റെ മരണത്തോടെ അപ്രസക്തമാകുന്നു. രമ്യാനമ്പീശന്റെ ശ്വേതയും റോമയുടെ മരിയയും നായികയോടൊപ്പം പ്രാധാന്യം നേടുന്നുണ്ടെങ്കിലും അസാധാരണമായ ധൈര്യപ്രകടനമൊന്നും നടത്താനവസരം കിട്ടുന്നില്ല. തികച്ചും നിശബ്ദയായി സിദ്ധാർഥ് ശങ്കറിന്റെ (റഹ്മാൻ) വീട്ടമ്മയായ ഭാര്യയായി ഒതുങ്ങിക്കൂടിയിരുന്ന ശ്രുതി (ലെന) കൃത്യമായ അവസരത്തിൽ തന്റെ സ്വത്വം വീണ്ടെടുക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു. 'അപ്പോൾ വേണമെന്നു വെച്ചാൽ ഒഴിവാക്കാൻ പറ്റുന്ന തിരക്കുകളും ഉണ്ട് അല്ലേ' എന്നുള്ള ഒറ്റചോദ്യം മതി നായികാ സ്ഥാനത്തുള്ളവരെ തള്ളിമാറ്റി ലെനയ്ക്ക് മുന്നോട്ടു വരാൻ. വളരെ ചുരുങ്ങിയ ഡയലോഗുകളിൽ നായകനെയും പ്രേക്ഷകരെയും അമ്പരപ്പിച്ചുകൊണ്ട് ലെന ആഞ്ഞടിക്കുകയാണ്. പിന്നീട് കാര്യങ്ങളുടെ മുഴുവൻ നിയന്ത്രണവും അവളിലേക്ക് മുന്നേറുന്നു. യുക്തിയോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ശക്തമായ സ്ത്രീകഥാപാത്രമാണ് ശ്രുതി. ആഷിഖ് അബുവിന്റെ ലോസ്റ്റ് ഇൻ ബാംഗ്ലൂർ ഈ കൂട്ടത്തിൽപെടുന്ന മറ്റൊരു സിനിമയാണ്. വി.കെ.

പ്രകാശിന്റെ ബ്യൂട്ടിഫുൾ മേഘ്നരാജ് (അഞ്ജലി/ആനി) അപർണാനായർ (മീര), ഡോക്ടർ (പ്രവീണ) കന്യക (തെസ്നിഖാൻ) സ്ത്രീകഥാപാത്രങ്ങൾ വ്യത്യസ്ത ആംഗിളുകളിൽ ജീവിതത്തെ വിജയകരമായി മുന്നോട്ടുപോകുന്നു. സ്റ്റീഫൻ ലൂയിസ് (ജയസൂര്യ) അനൂപ്മേനോൻ (ജോൺ) എന്നിവരെ വളരെ വിദഗ്ദമായി ചതിക്കുന്ന മേഘ്നയുടെ കഥാപാത്രം പിന്നീട് തുടർന്നുവരുന്ന ന്യൂജനറേഷൻ നായികാസങ്കൽപങ്ങളുടെ പ്രതിരൂപമാകുന്നു. 'അർജുനൻ സാക്ഷി' രഞ്ജിത് ശങ്കറാണ് സംവിധാനം ചെയ്തിരിക്കുന്നത്. വളരെ ശക്തയും ധീരയുമായ ജേർണലിസ്റ്റ് അഞ്ജലിമേനോൻ (ആൻ അഗസ്റ്റിൻ) കൊച്ചി മെട്രോയുമായി ബന്ധപ്പെട്ടു നടന്ന ഉള്ളറ നാടകങ്ങളിലേക്ക് സമർഥമായി കടന്നുചെല്ലുകയും ഇടയിൽപെട്ടുപോകുന്ന റോയ് മാത്യു (പൃഥ്വിരാജ്) സ്വന്തം നിലനിൽപിനുവേണ്ടി അവളോടൊപ്പം ചേരുകയും ചെയ്യുന്നു. എന്നാൽ പതിവു പൃഥ്വിരാജ് സിനിമകളിലേപ്പോലെ ക്ലൈമാക്സിലെത്താറാകുമ്പോഴേക്കും നായിക പാർശ്വവർക്കരിക്കപ്പെടുകയും നായകൻ വിജയം നേടി (സ്വയം?) സ്ക്രീനിൽ നിറയുകയും ചെയ്യുന്നു. പഴയതും പുതിയതുമായ പല സിനിമകളിലും ഇടക്കുവെച്ച് ഹൈജാക്ക് ചെയ്യപ്പെടുന്ന ഇത്തരം നായികമാരെ കാണാം. നാം പ്രതീക്ഷിക്കുന്ന രീതിയിലുള്ള സ്ത്രീകളുടെ വളർച്ചാസങ്കൽപങ്ങളെ തകർക്കുക എന്ന അജണ്ട എന്തുകൊണ്ടാണ് നടപ്പാവുന്നത്? അല്ലെങ്കിൽ സ്വാതന്ത്ര്യം പ്രാപിക്കുന്ന സ്ത്രീകളിൽ പലരും തെറ്റായ വഴികളിലൂടെ സഞ്ചരിക്കുന്നവരാണ് എന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതാരാണ്?

ഈ കാലഘട്ടത്തിൽതന്നെ (2011) സമീർ താഹിർ സംവിധാനം ചെയ്ത ചാപ്പാകുരിശിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ദരിദ്രനും ദുർബലനുമായ വിനീതിന്റെ അൻസാരിയെ ശക്തനാക്കാൻ ശ്രമിക്കുന്ന സഹപ്രവർത്തകയായ നിവേദ സാധാരണ പെൺകുട്ടിയെന്ന നിലയിൽത്തന്നെ ശക്തമായ ഇടപെടലായി മാറുന്നു. രമ്യാനമ്പീശൻ (സോണിയ), റോമ (ആൻ) എന്നീ സ്ത്രീകഥാപാത്രങ്ങൾ (പ്രണയം ശാരീരികമായി ആഘോഷിക്കുകയും ചതിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീകൾ നിത്യകാഴ്ചയാണല്ലോ) Sex video clips U Tube-ൽ പ്രചരിക്കപ്പെടുമ്പോൾ റോമ അർജുനനെ നിഷ്ക്കരുണം തള്ളിക്കളയുന്നു. അപമാനം താങ്ങാനാവാതെ ആത്മഹത്യാശ്രമം നടത്തുന്നത് പുരുഷകഥാപാത്രമാണ്. സോണിയ വളരെപെട്ടെന്ന് അതിൽ നിന്ന് മോചിതയാവുകയും അടുത്ത താവളത്തിൽ ജീവിതം കണ്ടെത്തുകയും ചെയ്യുമ്പോൾ സ്ത്രീ സ്വന്തം ശക്തി അബോധപരമായിത്തന്നെ വീണ്ടെടുക്കുകയാണ്.

അഞ്ജലീമേനോൻ തിരക്കഥയെഴുതി അൻവർ റഷീദ് സംവിധാനം ചെയ്ത 'ഉസ്താദ് ഹോട്ടൽ' സ്ത്രീസ്വത്വത്തിന്റെ രണ്ടുതരം ഭാവങ്ങൾ കാട്ടിത്തരുന്നു. റസാക്കിന്റെ ഭാര്യ ബുർക്ക ധരിച്ച് കണ്ണ് മാത്രം പുറത്തുകാണിച്ച് നിരന്തരമായി പ്രസവിച്ച്




ആൺകുഞ്ഞിനായുള്ള ഭർത്താവിന്റെ ആശ സഫലമാക്കി മരണമടയുന്നു. തുടർന്നുള്ള ആഖ്യാനങ്ങളിൽ അവർ കടന്നുവരുന്നേയില്ല. റസാഖിന്റെ പെൺമക്കൾ ഹിജാബു ധരിച്ച് റസാഖിന്റെ ആധിപത്യമൂല്യങ്ങൾക്കു കീഴിൽ ഹൈസലിന്റെ 'ഉമ്മമാരായി' (അവരുടെ പേരിനുപോലും സിനിമയിൽ പ്രസക്തിയില്ല) വളരുന്നു. അവിടെക്കാണ് 'എന്റെ കുടുംബം യാഥാസ്ഥിതികമാണ് ഞാനങ്ങനെയല്ല' എന്ന് തുറന്നു പ്രഖ്യാപിച്ചുകൊണ്ട് ശഹാന (നിത്യ) കടന്നുവരുന്നത്. തനിക്ക് ഷെഫ് ഭർത്താവായി വേണ്ട എന്നു തീരുമാനിക്കാൻ അവൾക്കു സ്വാതന്ത്ര്യമുണ്ട്. ശഹാനയുടെ വിമോചനാശയവും മുന്നോട്ടുവെക്കുന്ന രാഷ്ട്രീയവും സിനിമയുടെ സ്ത്രീ പ്രതിനിധാനങ്ങളുടെ സങ്കീർണ്ണതകളെ വായിച്ചെടുക്കാനുതകുന്നതാണ്. സിനിമയിൽ സ്വന്തമായി കർതൃത്വം പ്രയോഗിക്കുന്ന ഒരേയൊരു മുസ്ലീം സ്ത്രീകഥാപാത്രമാണിത്. രാത്രികാലങ്ങളിലെ പാട്ടിനും നൃത്തത്തിനും ശേഷം To day is the last day of my freedom എന്ന് പ്രഖ്യാപിച്ചുകൊണ്ട് ബുർക്കയണിഞ്ഞ് തന്റെ യാഥാസ്ഥിതിക കുടുംബത്തിന്റെ മതിൽക്കെട്ടുകളിലേക്ക് എടുത്തുചാടുന്ന ശഹാന വിമോചനത്തെക്കുറിച്ചുള്ള ഏകപക്ഷീയ കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ഉദാരസ്ത്രീവാദസ്ഥാനം തന്നെയാണ് ഉറപ്പിക്കുന്നത്. ബുർക്ക മുസ്ലീം പുരുഷാധിപത്യത്തിന്റെ അടയാളവും നിശാക്ലബ്ബിലെ നൃത്തം വിമോചനവുമാകുന്ന പുതിയൊരു സമവാക്യം ഇവിടെ രൂപപ്പെടുന്നു.

'ലിബറൽ വ്യവസ്ഥിതിയോട് താദാത്മ്യം പ്രാപിക്കാൻ കഴിയാത്ത മുസ്ലീം സ്ത്രീ എന്നും അടിച്ചമർത്തപ്പെടുന്നവളായും വിമോചിപ്പിക്കപ്പെടേണ്ടവളായും കണക്കാക്കപ്പെടുന്നു' - സബാ മാഹമൂദ്.

പ്രശ്നസങ്കീർണമായ ഇതേ കാഴ്ച തന്നെയാണ് ഉസ്താദ് ഹോട്ടലിലും. കണ്ണുമാത്രം കാണിച്ചുകൊണ്ടുള്ള ബുർക്ക ധരിച്ച മുസ്ലീം സ്ത്രീയിൽ നിന്ന് തുടങ്ങുന്ന സിനിമ ബുർക്ക ഊരിയെറിഞ്ഞ് നിശാക്ലബ്ബിൽ മാപ്പിളപ്പാട്ടിന്റെ റീമിക്സ് പാടുകയും ഫൈസി (ദുൽഖർ) യുടെ കൂടെ ജീൻസ് ഇട്ടു നിൽക്കുകയും ചെയ്യുന്നത് ഇത് കൊണ്ടാണ്. സിനിമയുടെ അവസാനത്തിൽ യാഥാസ്ഥിതിക കുടുംബത്തിന്റെ കെട്ടുപാടുകളിൽ നിന്ന് മുക്തി നേടി മതേതര മൂല്യങ്ങളുടെ ഭാഗമായ തിലകന്റെ കൈകളിലെത്തപ്പെടുകയും ചെയ്യുന്നു. കഥാപാത്രത്തിന്റെ മതത്തെ അടയാളപ്പെടുത്തുന്ന ഹിജാബും ബുർക്കയുമൊക്കെ അപ്രത്യക്ഷമാകുന്നു. സിനിമയിലെ വ്യത്യസ്ത ഇടങ്ങളിലൊന്നായ സിദ്ദിഖും കുടുംബവും പ്രതിനിധീകരിക്കുന്ന ഇടം സ്ത്രീകളെ അടിച്ചമർത്തി സ്വന്തമായ കർതൃത്വം നിഷേധിക്കുന്നു. മതചിഹ്നങ്ങളാൽ അടയാളപ്പെടുത്താത്ത പൊതുമാനസിക ഇടമായ ഉസ്താദ് ഹോട്ടൽ ലിംഗസമത്വത്തിലും ജനാധിപത്യമൂല്യങ്ങളിലും വിശ്വസിക്കുന്ന പൊതുഇടമാകുന്നു. ഉപ്പ കാണാതെ പുറത്തിറങ്ങി നടക്കുകയും ആശ്വാസത്തോടെ തലയിൽ നിന്ന് മഫ്ത മാറ്റി സ്വാതന്ത്ര്യം ആഘോഷിക്കുകയും വീട്ടുകാരെ ബോധ്യപ്പെടുത്താൻ മാത്രം പർദ്ദ ധരിക്കുകയും ചെയ്യുന്ന മുസ്ലീം പെണ്ണ് എന്ന ആഖ്യാനത്തിലൂടെ ഉസ്താദ് ഹോട്ടൽ മറച്ചുവെക്കുന്നത് ഇന്ത്യയിലെ പ്രമുഖ സർവകലാശാലകളിൽ ആത്മവിശ്വാസത്തോടെ മഫ്ത ധരിച്ച് ഉന്നതവിദ്യാഭ്യാസം നേടുകയും പൊതു മണ്ഡലത്തിൽ സജീവമാകുകയും ചെയ്യുന്ന മുസ്ലീം പെൺകുട്ടികളെയും അവർക്ക് അഭിമാനത്തോടെ പ്രോത്സാഹനം നല്കുന്ന മുസ്ലീം കുടുംബങ്ങളെയുമാണ് മുടിമുറിക്കുക, പാന്റ്സും ഷർട്ടും ധരിക്കുക തുടങ്ങിയ പഴയ ഫെമിനിസ്റ്റ് കാഴ്ചപ്പാടുകളിൽ സിനിമ ഇപ്പോഴും കുരുങ്ങിക്കിടക്കുന്നുണ്ടോ എന്ന് പല സിനിമകളും സന്ദേഹിപ്പിക്കുന്നു. (ലാസ്റ്റ് സപ്പറിലൂടെ കടന്നുവരുന്ന പേളിയുടെ ഹെയർ സ്റ്റൈൽ ഓർമ്മിക്കുക)

'ഡാ തടിയാ' നേരത്തെ സൂചിപ്പിച്ചതാണ് 2012 സിനിമകളിൽ സ്ത്രീകൾ ചതിയുടെ പുതിയ പാഠങ്ങൾ രചിക്കുന്നു. ആൻമേരി താടിക്കാരൻ (ആൻ അഗസ്റ്റിൻ) ലൂക്ക് ജോൺ പ്രകാശി (ശേഖർമേനോൻ)ന്റെ ശാരീരികമായ ആകുലതകളെ മുതലെടുക്കുന്നതാണ് കഥാതന്തു. ചതിയുടെ ആഗോളതന്ത്രങ്ങൾ പ്രയോഗിക്കുന്ന ആൻമേരി നായികയുടെ പുതിയ രൂപമാറ്റങ്ങൾ കാണിച്ചുതരികയാണ്. എപ്പോഴും ചതിക്കപ്പെടേണ്ട പെണ്ണ് ചതിയുടെ അപ്പോസ്തലയായി മാറുമ്പോൾ സ്ഥിരമായ സ്ത്രീസങ്കല്പങ്ങൾ പൊളിച്ചടുക്കപ്പെടുന്നു. ആഷിക് അബുവിന്റെ സാൾട്ട് & പെപ്പർ മദ്യപിക്കുന്ന നായികമാരുടെ കാഴ്ചയിലൂടെയാണ് നമ്മെ അഭിസംബോധന ചെയ്യുന്നത്. അലസവും അ

സ്വസ്ഥവുമായ വേഷവും ജീവിതവും ബോറടി തരണം ചെയ്യാൻ മാത്രമായി മദ്യത്തിന്റെ സഹായം തേടുന്ന സ്ത്രീകൾ ഒരു ശരികാഴ്ചയാണോ എന്ന സന്ദേഹത്തിലേക്ക് പ്രേക്ഷകരെ നയിക്കുന്നുണ്ട്. സ്വതന്ത്രമായ നിലപാടുതറകളിലൂടെ സഞ്ചരിക്കുന്ന മായ (ശ്വേതാമേനോൻ) പ്രണയത്തിന്റെ നനുത്ത സ്പർശത്താൽ വെറും പെണ്ണായി (വേഷം, നടത്തം) മാറുന്ന കാഴ്ച നമ്മെ നിരാശപ്പെടുത്തുന്നു. പ്രണയനഷ്ടത്തെക്കുറിച്ചോർത്ത് വീണ്ടും പഴയ വേഷപ്പകർച്ചയിലേക്കു മാറുമ്പോഴും തുടക്കത്തിൽ നാം അംഗീകരിച്ച തന്റേടിയുടെ പൂർണതയിലേക്ക് അവൾക്കെത്താനാവുന്നില്ല. മൈഥിലിയുടെ മീനാക്ഷി വളരെ വിദഗ്ദ്ധമായി മായയെ കബളിപ്പിക്കുമ്പോഴും ഒരു സാധാരണ പെണ്ണായി താഴ്ന്നുപോകുന്നു. വിരസമായ ജീവിതത്തിൽ നിന്നും മായയെ മോചിപ്പിക്കാനുള്ള കുസൃതി നിറഞ്ഞ ശ്രമങ്ങളിലൂടെ താൻപോരിമ പ്രകടിപ്പിച്ച പെൺകരുത്ത് പെട്ടെന്ന് ചോർന്നുപോകുന്നു.

മാമാസിന്റെ 'സിനിമാകമ്പനി'യിൽ സിനിമാമോഹവുമായി ഒത്തുചേരുന്ന ചെറുപ്പക്കാരുടെ കഥ പറയുന്നു. നായികയായ പാറു(ശ്രുതി) ഒരു പെൺകുട്ടിയാണെന്ന് അവസാനനിമിഷം വരെ നമുക്കനുഭവപ്പെടുന്നില്ല. അതുതന്നെയാണ് ഇതിന്റെ പൂർണതയും. സനം, ലക്ഷ്മി,

ങ്. ഫാഷൻ ഡിസൈനറായ മായ, കാൻസർ പേഷ്യന്റാണെന്ന കാരണത്താൽ (സുഖമായിട്ടും) ദീപക്കിനാൽ ഉപേക്ഷിക്കപ്പെടുന്നു. അവളുടെ ഡിപ്രഷൻ മാറ്റാൻ സഹായിക്കുന്ന ഡോ. അരുൺകുമാർ അതിരുവിടുന്ന ഘട്ടത്തിൽ സത്യം തിരിച്ചറിയേണ്ടി വന്ന മായ പതറുന്നില്ല. തനിക്കണിയാൻ ആഗ്രഹമില്ലാത്ത ഡയമണ്ട് നെക്ലേസ് അവൾ കടക്കാരനായ ഡോക്ടർക്ക് കൈമാറുന്നു. മുടി കൊഴിഞ്ഞ മൊട്ടയായ മായ തികച്ചും പോസിറ്റീവായി ജീവിതത്തെ ആസ്വദിക്കുന്ന ഹിമാലയൻ യാത്ര നമ്മിലും പോസിറ്റീവ് എനർജി തരുന്നു. നാട്ടിൻപുറത്തുകാരിയായ രാജശ്രീ ഡയമണ്ട് നെക്ലേസ് കടലിലേക്ക് വലിച്ചെറിഞ്ഞ് തന്റെ ഇടം വ്യക്തമാക്കുന്നു. വ്യക്തിത്വമുള്ള നാലു സ്ത്രീകൾക്കിടയിൽ തന്റെ വ്യക്തിത്വമില്ലായ്മയിൽ ചൂളിപ്പോകുന്ന നായകൻ ന്യൂജനറേഷൻ സിനിമയുടെ പുതുമയുള്ള കാഴ്ച തന്നെ. 'നിദ്ര' സിദ്ധാർഥ് ഭരതൻ റീമേക്ക് ചെയ്തതാണെങ്കിലും വളരെ ശക്തമായ അശ്വതി (റീമ) യുടെ പാത്രസൃഷ്ടിയിൽ അത് ന്യൂജനറേഷൻ സിനിമകൾക്കൊപ്പം നിൽക്കുന്നു. തീവ്രത്തിലെ ശിവാനായർ (മായ) റിയസൈറ (നിമ്മി) തുടങ്ങിയ സ്ത്രീകഥാപാത്രങ്ങൾ ചില ഇടർച്ചകളനുഭവപ്പെടുന്നുണ്ടെങ്കിലും ജീവിതത്തോട് പൊരുതി നിൽക്കുന്നു. ബോളിവുഡ്




ഷിബില, സ്വാസിക തുടങ്ങിയ സ്ത്രീകഥാപാത്രങ്ങളും പതിവു സ്ത്രീ ചിത്രീകരണങ്ങളിലേക്ക് വഴുതിവീഴുന്നില്ല. 'അയാളും ഞാനും തമ്മിൽ' എന്ന സിനിമയിൽ സംവൃത (സൈനു), രമ്യ (സുപ്രിയ), സ്വാസിക (നീത), റീമ കല്ലിങ്കൽ (ദിയ) എന്നിങ്ങനെ സ്ത്രീ കഥാപാത്രങ്ങൾ ഏറെയുണ്ട്. സ്വന്തമായ വ്യക്തിത്വം നിലനിർത്തുന്നവരാണ് എല്ലാവരും. സംവൃതയുടെ ഒളിച്ചോട്ടത്തിനുള്ള ധീരമായ ശ്രമങ്ങൾ പരാജയപ്പെടുന്നുണ്ടെങ്കിലും സിനിമയിൽ ആ കഥാപാത്രം ഒരു സാന്നിധ്യമാകുന്നു. മരുന്നുകമ്പനിയുടെയും ആസ്പത്രി അധികൃതരുടെയും ചട്ടുകമായി പ്രവർത്തിച്ചിരുന്ന റീമ ആദ്യപകുതിയിലെ വഴങ്ങലുകളിൽ നിന്നും ധീരമായ ചെറുത്തുനില്പുകളിലേക്ക് വളരുന്നുണ്ട്. സ്ത്രീസാന്നിധ്യം വളരെ അപൂർവ്വമായേ ഉണ്ടാകുന്നുള്ളൂ എങ്കിലും സജിതാ മഠത്തിലും പ്രസീതാ മേനോനും ശക്തമായ സാന്നിധ്യങ്ങളാവുന്നു. 'തട്ടത്തിൻ മറയത്ത്' യുവസംവിധായകൻ (വിനീത്) യുവാക്കളെ ഉന്നം വച്ച് എടുത്തതാണ്. എന്നാൽ സ്ത്രീകൾക്ക് ഇതിലൊന്നും ചെയ്യാനില്ല. വടിവൊത്ത ശരീരങ്ങളായി പ്രലോഭിപ്പിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. ഇഷാതൽവാറിന്റെ സൗന്ദര്യവർണ്ണനയിലൂടെയാണ് സിനിമ നീങ്ങുന്നതുതന്നെ. അപർണയ്ക്കും നിവേദയ്ക്കും പ്രത്യേകിച്ച് അടയാളപ്പെടുത്തലുകളൊന്നും നടത്താൻ കഴിയുന്നില്ല. വർഷങ്ങളും കാലവും മുന്നോട്ട് നീങ്ങുന്നത് പല സിനിമാക്കാരും അറിയാതെ പോകുന്നു. ലാൽജോസിന്റെ ഡയമണ്ട് നെക്ലേസിൽ സാവിത്രി അക്ക (രോഹിണി) ഗൗതമി നായർ (ലക്ഷ്മി) മായ (സംവൃത) രാജശ്രീ (അനുശ്രീ) ഇങ്ങനെ വ്യത്യസ്തമായ വ്യക്തിത്വമുള്ള നാലു സ്ത്രീകഥാപാത്രങ്ങളാണ് നായകനെ നയിക്കുന്നത്. ഡോ. സാവിത്രിയുടെ കഥാപാത്രം വളരെ ബോൾഡായി കാര്യങ്ങൾ ചെയ്യുന്നു. പറയാനാഗ്രഹിക്കുന്ന കാര്യങ്ങൾ കൃത്യമായി പറയാനും നിർത്തേണ്ടവരെ നിർത്തേണ്ട സ്ഥലത്ത് നിർത്താനും അവർ മിടുക്കു കാട്ടുന്നു. വളരെ പാവമാണെന്ന് തോന്നിക്കുന്ന ലക്ഷ്മി ഡോക്ടറുടെ ചതി തിരിച്ചറിയുമ്പോൾ പതറുകയോ കരയുകയോ ചെയ്യുന്നില്ല. അനർഹമായൊരു സാധനം ബാഗിൽ (ഡയമണ്ട് നെക്ലേസ്) കാണുമ്പോൾ തിരസ്കരിക്കാൻ അവളുടെ ദാരിദ്ര്യത്തിനു കഴിയുന്നു

ആക്ട്രസായിരുന്ന മാധുരി കുര്യൻ (തനുശ്രീഘോഷ്) തന്റെ അസ്വസ്ഥമായ ദാമ്പത്യത്തെ ചെറുത്തു തോൽപ്പിക്കാൻ ഒരു വിഫലശ്രമം നടത്തുന്നു. നിരന്തരമായി അവഹേളിക്കപ്പെടുന്ന പതിവുദൃശ്യങ്ങൾ ഒരു മരണത്തിന്റെ യാദൃശ്ചികതയിൽ മാറിമറിയുകയും ഒരു മോഷ്ടാവ് (ഇന്ദ്രജിത്ത്) അവളെ സഹായിക്കുകയും ചെയ്യുന്നു. ലെനയുടെ ഫെമിനിസ്റ്റും വിവാഹവിരോധിയുമായ രൂപ ബോയ്ഫ്രണ്ട്സുമായി ഫ്ളർട്ടു ചെയ്ത് സ്വാതന്ത്ര്യം ആഘോഷിക്കുന്നു. പക്ഷെ ഫെമിനിസത്തിനുമേൽ പ്രണയം പതിക്കുന്ന പതിവുകാഴ്ചയിൽ രഹസ്യങ്ങൾ സൂക്ഷിക്കാൻ വെമ്പുന്ന സാധാരണ സ്ത്രീയായി അവൾ മാറുന്നു. സ്വയം രക്ഷയ്ക്കായി കൂട്ടുകാരിയെ ബ്ലാക്ക്മെയിൽ ചെയ്യുന്ന പുതിയ സ്ത്രീ അവസ്ഥയിലേക്ക് മാധുരികുര്യൻ 'ഉയരുന്നു'. സിനിമ സ്ത്രീകളെ ഏതു രീതിയിലാണ് പ്രസന്റു ചെയ്യാനുദ്ദേശിക്കുന്നതെന്ന ചോദ്യം 'ഈ അടുത്ത കാലത്ത' (അരുൺകുമാർ അരവിന്ദ്-സംവിധാനം) അവശേഷിക്കുന്നു. ശ്രീനാഥ് രാജേന്ദ്രന്റെ 'സെക്കന്റ്ഷോ'യിൽ ഗൗതമി നായറിന്റെ ഗീതുവിന് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല. പഴയ സിനിമാനായികമാരെപ്പോലെ വെറുതെ കടന്നുപോകേണ്ടി വരുന്നു. സജിതാമഠത്തിൽ (തങ്കം) അവതരിപ്പിക്കുന്ന വേശ്യയുടെ വ്യക്തിത്വത്തിനും ധൈര്യത്തിനും മുന്നിൽ പതറിപ്പോകുന്ന ലാൽ (റഷീദ്) 'ഷട്ടറ'ലെ നായകനാണ്. പക്ഷെ ഒരു വിപത്ഘട്ടത്തിൽ പലതും സംരക്ഷിക്കേണ്ട ബാധ്യതയുള്ള പുരുഷനും അതില്ലാത്ത സ്ത്രീയും അകപ്പെടുമ്പോൾ അനുഭവപ്പെടുന്ന വൈരുദ്ധ്യങ്ങളാണ് സിനിമയെ നയിക്കുന്നത്. ഏത് കഥാപാത്രവും തന്റെ കയ്യിൽ ഭദ്രമാണെന്ന് സജിതാമഠത്തിൽ തെളിയിക്കുന്നു. ശൗര്യം കാണിക്കുന്ന പുരുഷനേക്കാളും എത്രയോ മടങ്ങ് കരുത്ത് സ്ത്രീക്കുള്ളിലുണ്ടെന്ന് ഷട്ടറിലൂടെ ജോയ്മാത്യു വ്യക്തമാക്കുന്നു.

ലിജിൻ ജോസിന്റെ'ഫ്രൈഡേ'ഒരുപാടു ജീവിതങ്ങളെ ഒരുമിച്ചൊരു വാഹനത്തിൽ എത്തിക്കുകയാണ്. നിമിഷാസുരേഷ് (അശ്വതി-പ്രതിശ്രുതവധു) സീമ. ജി. നായർ, ആൻ അഗസ്റ്റിൻ (ജിൻസി) ഗർഭിണി, ആശാശരത്ത് ഇങ്ങനെ വിവിധ ജീവിതാവസ്ഥകളിലുള്ള സ്ത്രീകൾ ഒത്തുചേരുന്നു. ഒരുപാട് സ്വപ്ന

ം കഷ്ടങ്ങളും യാത്രയിൽ ംവെക്കപ്പെടുന്നു. വിവിധ ജീവി ംനങ്ങളും നിലപാടുകളും വ്യ ാക്കുന്ന ഈ സിനിമയിൽ സ ൾക്ക് ഒപ്പം ചേർന്നുപോകുക തിനപ്പുറം വലുതായൊന്നും ാനില്ല. എങ്കിലും പെണ്ണവസ്ഥ ക്ഷത്തിക്കാട്ടാവുന്ന ഒരു സീൻ ും ഇതിലില്ല. ന്യൂജനറേഷൻ ങ്ങളിൽ സാങ്കേതികവിദ്യയും യവുമടക്കം മാറുമ്പോഴും മല ക്കഥകളിലെ വേഷപ്പകർച്ചകൾ നില്ല. ഘടനാപരമായും പ്രമേയ ായും ഒട്ടേറെ പുതുമകൾ അവ പ്പെടാമെങ്കിലും സിറിയൻ-സ ം-സാംസ്കാരികത അന്നയും ിലും (രാജീവ് രവി) പുതിയ ളീയതയായി വേഷം മാറുന്നു. നടക്കുല, ഞാൻ ക്രിസ്ത്യാ ' എന്ന അന്നയുടെ മറുപടി ് ആന്റ് വൈറ്റ് കാലത്തെ ഓർ ിക്കുന്നു. കുടുംബത്തിലെ പുരു ർ ഉത്തരവാദിത്തരഹിതമായി ിതം നയിക്കുമ്പോൾ ആ ഭാരം ടത്തോടെ ഏറ്റെടുക്കുന്ന സ്ത്രീ ് അന്ന. അനുബന്ധ സൗകര്യ ല്ലാതിരുന്നിട്ടും ഇരുട്ടുന്നതുവ ജോലി ചെയ്ത് മടങ്ങുന്നവളാണ് . വെല്ലുവിളികൾ ഏറ്റെടുത്ത് ിതത്തിൽ ധീരമായ ചെറുത്തു ്പ്പു നടത്തുന്ന അന്ന, എങ്ങിനെ ് സ്വന്തമായി അഭിപ്രായങ്ങളും പാടുകളും ഇല്ലാത്തവളാകുന്ന ന്തം ജീവിതത്തെ ബാധിക്കുന്ന ശത്വപരമായ ഇടപെടലുകളോ വൾക്കെങ്ങനെയാണ് നിശബ് വാൻ സാധിക്കുക? റസൂലിന്റെ ഹത്തിൽ വിശ്വാസവും പ്രതീ ും നഷ്ടപ്പെട്ടിട്ടില്ലാത്ത അന്ന ം ജീവനൊടുക്കുന്നതെങ്ങനെ? കന് കുടുതൽ തീവ്രമായ അഭ മുഹൂർത്തങ്ങൾ നൽകാൻ നാ യെ കൊല്ലിക്കുന്ന പുരുഷകേ ൃത കല്പനകൾ ഈ ചിത്രവും ുന്നു.

ീ.കൊ.ഞാ.ചാ ഗിരീഷ് സംവി ം നിർവ്വഹിച്ച സിനിമയാണ്. ത മേനോൻ (ആൻ മാത്യു) റോസ് (അഞ്ജലിമേനോൻ) ിണി മറിയം ഇടിക്കുള (ആ ) പാർവതി നായർ (സൈന) നെ സർവ മതസ്ഥരായ നായി ര നിരത്തിയിട്ടും സാധാരണ വസ്ഥകളിൽ നിന്നും വ്യത്യ മായി ഒരു ചെറുവിരലനക്കം ും ഈ സിനിമയിലില്ല. പെ ങ്ങൾ പഴയ കെട്ടുകാഴ്ചകളായി ുന്നു.

ഹോട്ടൽ കാലിഫോർണിയയിൽ ജോൺ ജീവിതത്തിന്റെ പു തുറസ്സുകളിലേക്ക് പറിച്ചുനട ുന്ന, എന്തുചെയ്യാനും ഉൾക്ക ുള്ള സ്ത്രീകഥാപാത്രങ്ങളെ തരിപ്പിക്കുന്നു. ഹണിറോസ് ്നജോസഫ്) മറിയാറോയ് ലാനമ്പ്യാർ) ന്യൂജനറേഷൻ ിതത്തിൽ മുന്നിലുള്ള കരുക്ക ാതൊരു മനഃപ്രയാസവും കൂ ം ഇവർ വെട്ടിമാറ്റുന്നു. 2011 - ൽ തിറങ്ങിയ 'City of God' ലാൽ സാണ് സംവിധാനം നിർവഹി ത്. പാർവതി മേനോൻ (മര ) രേവതി (ലക്ഷ്മി) സൂര്യപ്രഭ കല്ലിങ്കൽ) ശ്വേതാ മേനോൻ പുന്നൂസ്) എന്നിവരാണ് കമാർ. ശ്വേതാ മേനോന്റെ അഭി തിന്റെ അസാധാരണമുഹൂർത്ത ക്കൊപ്പം ഇതിലെ ഓരോ സ ഥാപാത്രത്തിനും വ്യക്തമായ ങ്ങളുണ്ട്. തങ്ങളുടെ ഭാഷയും വും വ്യത്യസ്തമാകുമ്പോഴും ർകരുത്തിന്റെ പുതിയ ഭാഷ്യ ഇവർ രചിക്കുന്നു. ഭർത്താവി കൊലയാളികളെ തിരിച്ചറിഞ്ഞി ളരെ നോർമലായി പെരുമാറി ഥമായി കൊലയാളികളെ വകവ ുന്ന ശ്വേത സ്ത്രീ സങ്കല്പങ്ങ പുതിയ ഭാഷ്യമാകുന്നു. 2013 അകം മലയാറ്റൂരിന്റെ 'യക്ഷി' പുതിയ രൂപമാണ്. സ്ത്രീക്ക് ൃകിച്ചും ചെയ്യാനിടം നൽകാ ധം രാഗിണി (അനുമോൾ) നാ ന്റെ വിഹ്വലതകൾ സിനിമയിൽ ത്തുനിൽക്കുന്നു. റെഡ് വൈൻ ൂജനറേഷൻ സിനിമ എന്ന നി ൽ വിലയിരുത്തപ്പെടാമോ എന്ന് ച്ചുപറയാനാവില്ലെങ്കിലും മിയാ ജ്, അനുശ്രീ, മറിയാ ജോൺ, നരാജ്, മീരാനന്ദൻ തുടങ്ങിയ ർക്ക് കൃത്യമായി സ്വന്തം ഇ ിച്ചറിയാനും പ്രകടമാക്കാനും സിനിമ സഹായിക്കുന്നുണ്ട്.

ക്കീസ്സാർ ന്യൂജനറേഷൻ ങ്ങളിൽ നിന്നൊഴിഞ്ഞുമാ ിൽക്കുന്ന സിനിമയാണ്. പഴ യും സെന്റിമെന്റ്സും നിറച്ച് കമാർക്കോ നായകന്മാർക്കോ ം ചെയ്യാനില്ലാത്തൊരു പഴങ്കഥ. പാത്രം വാടകയ്ക്കെടുക്കലും തിനെ സ്വീകരിക്കാതിരിക്ക

ർണ ഗോപിനാഥിനും കാര്യമായിട്ടൊന്നും ചെയ്യാനില്ല. എങ്കിലും പതിവു സ്ത്രീകഥാപാത്രങ്ങളുടെ ചാപല്യങ്ങളില്ലാത്ത ബോൾഡായ കഥാപാത്രമാണ് മധുമിത എന്നു പറയാം. അപ് & ഡൗൺ മുകളിലൊരാളുണ്ട് എന്ന സിനിമയിൽ എല്ലാ കഥാപാത്രങ്ങൾക്കും കൃത്യമായ ഇടങ്ങളുണ്ട്. മിസ്റ്റീരിയസ് ലേഡിയായി പ്രത്യക്ഷപ്പെടുന്ന മേഘ്നരാജ് എല്ലാ കഥാപാത്രങ്ങളെക്കാളും മികച്ചുനിൽക്കുന്നു. കലാമണ്ഡലം പ്രസന്നയായി രമ്യാനമ്പീശൻ നിറഞ്ഞാടുന്നു. അരങ്ങത്തെ ചിരിക്കുന്ന മുഖത്തിനുപിന്നിലെ ചായം തേക്കാത്ത കഥകൾ സിനിമയെ പുതിയ വഴിത്തിരിവിലേക്ക് നയിക്കുന്നു. ശ്രുതി മേനോന്റെ കഥാപാത്രം ഒരു ചെറിയ ഇടവേളയ്ക്കുശേഷമാണ് കടന്നുവരുന്നത് ഒരു ജനക്കൂട്ടത്തിന്റെ കഥ പറയുമ്പോഴും സ്ത്രീകളെ നിഴൽചിത്രങ്ങളാക്കി മാറ്റാതിരിക്കാൻ ടി.കെ. രാജീവ്കുമാർ ശ്രദ്ധ പുലർത്തുന്നു.

ലണ്ടൻ ബ്രിഡ്ജ് അനിൽ. സി. യാണ് സംവിധാനം ചെയ്യുന്നത്. ആൻഡ്രിയ (പവിത്ര) നന്ദിതരാജ് (മെറിൻ) ലെന (ഗ്രേസി) അമൃത (മാലു) ദേവീക്രപ (സ്വാതി) എന്നിവരാണ് അഭിനേതാക്കൾ. പ്രണയം പല തട്ടിൽ പരീക്ഷിക്കപ്പെടുന്നതും ഉന്നതകുലജാതർ ഹൃദയവിശാലത പ്രകടിപ്പിക്കുന്നതും പഴയ തീം. ആൻഡ്രിയയും നന്ദിതാരാജും തങ്ങളുടെ റോളുകൾ ഭംഗിയാക്കി സിനിമയിൽ സ്ത്രീ സാന്നിധ്യമുറപ്പിക്കുന്നു. മുബൈ പോലീസിൽ നായകന്മാർ മുഴുനീളം അഭിനയിച്ചു തകർക്കുമ്പോഴും ജയസൂര്യയുടെ കാമുകിയായി റബേക്ക (ഹിമഡേവിഡ്) കുറഞ്ഞ സമയം കൊണ്ട് കഥാഗതിയുടെ കടിഞ്ഞാൺ കൈക്കലാക്കുന്നു. കാമുകൻ കൊല്ലപ്പെട്ട നടുക്കത്തിലും ധീരമായ മനസ്സോടെ അന്വേഷണങ്ങൾ നേരിടുന്ന റബേക്കയ്ക്കു മുന്നിൽ പൃഥ്വിരാജിന്റെ ആന്റണി മോസസ് വാക്കുകൾ മുട്ടിനിൽക്കുന്നു. നെടുങ്കൻ ഡയലോഗുകൾ കൂടാതെ തന്നെ സ്ത്രീശക്തി തെളിയിക്കാനാകുമെന്ന് അപർണാനായരുടെ രാഖീമേനോൻ കാണിച്ചുതരുന്നു. നോട്ടം, ഭാവം, നടത്ത ഇവയിലൂടെ തന്റെ അജയ്യത തെളിയിക്കാമെന്ന് ഇവർ വ്യക്തമാക്കുന്നു. സ്ത്രീകൾക്ക് പ്രത്യേകിച്ചൊരിടവും നൽകാതെ ഇമ്മാനുവൽ എന്ന സിനിമ കടന്നുപോകുന്നു. അമലാപോൾ (ഐറിൻ ഗാർഡനർ) ലക്ഷ്മി ഗോപാലസ്വാമി (ഡോക്ടർ തുളസി) ഷഫ്ന (ദിവ്യ) ഇങ്ങനെ മൂന്നുതലത്തിൽപെട്ട മൂന്നു സ്ത്രീകൾ'ഒരിന്ത്യൻ പ്രണയകഥ'യിലുണ്ട്. ഫഹദിന്റെ നായകൻ സിനിമയിലുടനീളം അഭിനയമികവ് കാഴ്ചവെക്കുമ്പോഴും അമലാപോൾ സ്വതസിദ്ധമായ കഴിവുകൾ ഐറിൻ എന്ന കഥാപാത്രത്തിലൂടെ നമ്മിലേക്കടുക്കുന്നു. ലക്ഷ്മി ഗോപാലസ്വാമിയും ഷഫ്നയും ഐറിനൊപ്പം നിൽക്കുകയും പല തട്ടുകളിൽ നിന്നു കടന്നുവരുന്ന എതിർപ്പുകളെ തകർത്തു മുന്നേറി തന്റെ ലക്ഷ്യത്തിലെത്താൻ അവളെ സഹായിക്കുകയും ചെയ്യുന്നു. സ്വന്തം ഐഡന്റിറ്റി തേടി കടൽകടന്നെത്തുന്ന ഒരു സ്ത്രീയുടെ ധീരമായ ചുവടുവെപ്പുകൾ ഈ സിനിമയിലുണ്ട്. 'റൺ ബേബീ റണ്ണി'ലും അമലാപോളാണ് നായിക. അഴകൊഴമ്പൻ സൗന്ദര്യമില്ലാതെയും നായികമാർക്ക് സിനിമയിൽ സ്വന്തം സ്ഥാനമുറപ്പിക്കാൻ കഴിയുമെന്ന് രേണുകയിലൂടെ അമലാപോൾ തെളിയിക്കുന്നുണ്ട്. പക്ഷേ ഹീറോയിസത്തിന്റെ കരിനിഴൽ രേണുകയിലും പതിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപകടം പിടിച്ച മേഖലയിൽ നിന്നും 'പെണ്ണിനെ' മാറ്റി നിർത്താനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. എങ്കിലും രേണുക തനിക്കാകുന്ന വിധത്തിൽ അതിനെ മറികടക്കുന്നു. അപർണാനായരുടെ ഇന്ദുപണിക്കർ വളരെ കുറച്ചുസമയം മാത്രമേ രംഗത്തുവരുന്നുള്ളൂ. പുരുഷകേന്ദ്രീകൃത സിനിമകളിൽ സ്ത്രീകൾ ഇനിയും ഇടം ഉറപ്പിക്കേണ്ടതുണ്ട്. 'ഹണീബീ' എടുത്തുപറയാൻ മാത്രം പ്രത്യേകതകളില്ലാതെ കടന്നുപോകുന്നു. ഭാവന, അർച്ചനകവി, മൈഥിലി, പ്രവീണ എന്നീ നടികൾ തങ്ങൾക്കു ലഭിച്ച അവസരങ്ങൾ പരമാവധി ഭംഗിയാക്കാൻ ശ്രമിക്കുന്നുണ്ട്. ജിത്തു ജോസഫിന്റെ ദൃശ്യം പ്രേക്ഷക പ്രശംസ പിടിച്ചുപറ്റിയ ചിത്രമാണ്. ഐ.ജി. ഗീതാപ്രഭാകരന്റെ റോളിൽ ആശാ ശരത്തിന് ശക്തയായ ഒരു സ്ത്രീ കഥാപാത്രത്തെ അവതരിപ്പിക്കാൻ കഴിയുന്നു. മീന, അൻസിബ, എസ്തർ അനിൽ എന്നീ പെൺകഥാപാത്രങ്ങളും വളരെ ശക്തമായി തന്നെ സ്ക്രീനിൽ നിറഞ്ഞുനിൽക്കുന്നു. വളരെ പാവങ്ങളായ സ്ത്രീകളും ചില പ്രത്യേക സന്ദർഭങ്ങളിൽ കരുത്താർജിക്കുകയും മാനം രക്ഷിക്കാൻ

കരുത്തു ചോർന്നുപോകാതെ നായകനൊപ്പം ചേർന്ന് ഒരു മഹാരഹസ്യം സൂക്ഷിക്കാനും സ്ത്രീക്കു കഴിയും എന്ന് ഈ സിനിമ കാണിച്ചുതരുന്നു. ഇതിലെ ന്യായാന്യായങ്ങൾ നമുക്ക് തൽക്കാലം മാറ്റിവെക്കാം. 'ബൈസിക്കിൾ തീവ്സ്' (ജിസ് ജോയ്) കുഞ്ഞുകുഞ്ഞു മോഷണങ്ങൾ നടത്തുന്ന പുരുഷകഥാപാത്രം ചാക്കോ (ആസിഫലി)യുടെ സൗഹൃദം വളർത്തിയെടുത്ത് വലിയൊരു ചതിക്കെണിയൊരുക്കി കുരുക്കിലാക്കുകയാണ് അപർണാഗോപിനാഥിന്റെ മീര എന്ന കഥാപാത്രം - കഥയുടെ ഗതി മാറ്റി മറിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ ബലഹീനതകൾ ഒരിക്കൽപ്പോലും പ്രകടമാക്കാതെ അവസാനം വരെ മീരയെന്ന കഥാപാത്രം മുന്നോട്ടുപോകുന്നുണ്ട്. ലിജോ ജോസ് സംവിധാനം ചെയ്ത ആമേൻ നിരവധി പ്രത്യേകതകൾകൊണ്ട് ശ്രദ്ധേയമാവുന്നു. സ്വാതിറെഡ്ഡിയുടെ ശോശന്ന ഫഹദ്ഫാസിലിന്റെ ഭീരുവായ നായകനെ എല്ലായ്പ്പോഴും ധൈര്യപ്പെടുത്തുന്നു. ഭയന്ന് ഫാദർ പട്ടം വാങ്ങാൻ ഇറങ്ങിപ്പുറപ്പെട്ട സോളമനെ നല്ല അടി കൊടുത്ത് തിരിച്ചു കൊണ്ടുവരുന്നവൾ. കുമരംകരിയിലെ എല്ലാ വിലക്കുകളേയും അതിജീവിക്കാൻ അവൾക്ക് കരുത്തുണ്ട്. നിർബന്ധപൂർവ്വം കല്യാണം കഴിക്കാൻ വന്ന ചെറുക്കന്റെ തലയിൽ കറിയെടുത്തൊഴിക്കാനും അവൾ മടിക്കുന്നില്ല. പീഡനങ്ങൾ അവളെ കൂടുതൽ കരുത്തയാക്കുന്നു. ബാൻഡ് സംഘം വിജയിച്ചാൽ കല്യാണം നടത്താമെന്ന് സമ്മതിച്ചവർ അവളെ മുറിയിൽ പൂട്ടിയിടുന്നു. വീട്ടിലെ അമ്മൂമ്മയും മറ്റു സ്ത്രീകളും ചേർന്ന് മുറിയുടെ കുറ്റൻ വാതിൽ (അനാചാരങ്ങളുടെ തന്നെ കുറ്റൻമതിൽ) തകർക്കുന്നു. രചനയുടെ ക്ലാരയും തന്റേടിയായ സഹോദരീകഥാപാത്രമാണ്. സഹോദരന്റെ കഴിവില്ലായ്മയെ പരിഹസിക്കുന്നവൾ നിർണായകഘട്ടത്തിൽ അവനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. സാന്ദ്രാതോമസ്സിന്റെ മറിയാമ്മ നെറിയുള്ളൊരുഗ്രൻ അച്ചായത്തിയായി, അത്യാവശ്യം ചട്ടമ്പിത്തരമൊക്കെ കൈയിൽ കരുതിജീവിക്കുന്നു. കണ്ണീരിലലിഞ്ഞുപോകുന്ന ഒരു പെൺകഥാപാത്രം പോലും ഈ സിനിമയിലില്ല. '5 സുന്ദരികൾ' സ്ത്രീകൾ തന്നെ മുന്നോട്ടുനയിക്കുന്ന 5 കുഞ്ഞുസിനിമകളെ ആണ്. അനിക (സേതുലക്ഷ്മി) യാണ് സേതുലക്ഷ്മിയിലെ കേന്ദ്രകഥാപാത്രം. ഒരു കുഞ്ഞുഫോട്ടോയെടുപ്പ് ഒരു കൊച്ചുപെൺകുട്ടിയുടെ ജീവിതത്തെ തന്നെ ഗ്രസിക്കുന്ന ഭീതിദമായ ചിത്രം ഇന്നിന്റെ ബലാൽസംഗ മനഃശ്ശാസ്ത്രവും ചൂഷണവും വരച്ചുകാണിക്കുന്നു. ഗൗരി (കാവ്യാമാധവൻ) നർത്തകിയാണ്. ഒറ്റദിവസം കൊണ്ട് ജീവിതം മാറിപോകുന്നവൾ. കുള്ളന്റെ 'ഭാര്യ' പേരുപോലും വെളിപ്പെടാത്ത മുഖത്തിന്റെ അവ്യക്തരൂപമായി ഒരു ജാലകക്കാഴ്ചയിലൂടെ വളർന്ന് വികസിക്കുന്നു. സ്ത്രീയുടെ അന്യന്റെ ജീവിതത്തിലേക്കുള്ള ഒളിഞ്ഞുനോട്ടങ്ങളും അവയുണ്ടാക്കുന്ന അലോസരങ്ങളും നമുക്ക് തീർത്തും പരിചിതം. കടങ്കഥകൾ പറയുന്ന ആമി അജ്മലിന്റെ ഭാര്യമാണ്. അഴിക്കുന്തോറും തന്റെ കടങ്കഥക്കുരുക്കുകൾ കൊണ്ട് ഭർത്താവിനെ തന്നിൽ കൊരുത്തിടുന്നവൾ. അമ്മ, മകൾ, കാമുകി, ഭാര്യ, നടി ഇങ്ങനെ സ്ത്രീയുടെ വ്യത്യസ്ത വ്യക്തിത്വങ്ങൾ 5 സുന്ദരികളിലുണ്ട്.

റേഡിയോ കുറച്ചുകൂടി ആഴത്തിൽ പരിശോധിക്കേണ്ട സ്ത്രീയവസ്ഥകളെ കാണിച്ചുതരുന്നു. ഇനിയ അവതരിപ്പിക്കുന്ന ട്രീസെരേലേ ന്റെ റൂം മേറ്റായി വരുന്നു സീരിയൽ നടിയായ പ്രിയ (സരയൂ). ജ്വല്ലറി ഷോപ്പിലെ സെയിൽസ് ഗേളായും അവൾ ജോലി ചെയ്യുന്നു. ജീവിതപ്രാരാബ്ധങ്ങൾ അമ്മയുടെ ഓപ്പറേഷൻ അവൾ സ്വാഭാവികമായും ശ്വേതയുടെ മാർഗ്ഗം സ്വീകരിക്കേണ്ടി വരുന്നു. 2 വർഷം ഒരു മനശാസ്ത്രജ്ഞന്റെ കീപ്പായി കഴിയാൻ അവൾ നിർബന്ധിതയാകുന്നു. കുടുംബവും ഡോക്ടറും ചതിക്കുമ്പോൾ ജീവിതത്തിന്റെ മുന്നിൽ പകച്ചു പോകുന്ന പ്രിയ ഭ്രാന്തിലേക്ക് വഴുതിവീഴുന്നു. അനുഭവം അവളെ പഠിപ്പിക്കുന്നത് ഇതാണ്. "life is not a musical player to listen to your favariate songs. It is a radio you must tuen your self every frequency. ജീവിതത്തിന്റെ critical ആയ വഴിത്തിരിവിൽ വഴി മാറിപ്പോകുന്ന പ്രിയയ്ക്ക് പിന്നീടൊരിക്കലും ജീവിതം തിരിച്ചുപിടിക്കാനാവുന്നില്ല. എന്നാൽ ശ്വേതയെ എല്ലാം അറിഞ്ഞുകൊണ്ടൊരാൾ ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്നു. ഭർത്താവിന്റെ സ്നേഹിതനായ ഒരാൾ ശ്വേതയുടെ ക്ലയന്റ് ആയിരുന്നുവെന്ന അറിവിൽ അവളും അടിപതറിപ്പോകുന്നുണ്ട്. പക്ഷേ 'ഒരു സ്ത്രീക്ക് വിവാഹത്തിനു മുമ്പ് ഭർത്താവിനോട് വിശ്വസ്തത പുലർത്തേണ്ട ആവശ്യമില്ല'എന്ന തുറന്നുപറച്ചിലിലൂടെ അവൾ ജീവിതത്തെ തിരിച്ചുപിടിക്കുന്നു. മറ്റു കഥാപാത്രങ്ങളെയൊക്കെ നിഷ്പ്രഭമാക്കുന്ന രണ്ട് സ്ത്രീകഥാപാത്രങ്ങളാണ് സിനിമയുടെ

സ്വയം തകർന്നു പോകുന്ന പ്രിയയും സ്ത്രീത്വത്തിന്റെ ഇന്നിന്റെ നേർചിത്രങ്ങൾ ആണെന്ന് കാണാം.

'ഓർമയുണ്ടോ ഈ മുഖം' (അൻവർ സാദിഖ്) ഒരു ആക്സിഡന്റിന്റെ ബാക്കിപത്രമായ അനിമേഷൻ ആർട്ടിസ്റ്റ് നിത്യ (നമിതാപ്രമോദ്) യുടെ ഓർമയുടെ ആയുസ്സ് 24 മണിക്കൂർ മാത്രം. നിത്യയുടെ ഓർമകളെ വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ് അനിയത്തി നീതു (സൗമ്യസദാനന്ദൻ) വിനെ നയിക്കുന്നത്. വളരെ ധീരമായി വിധിയോട് പോരാടാൻ അവൾ നിത്യയ്ക്ക് തുണയാകുന്നു. വസുന്ധരാദേവി (രോഹിണി) ഹേമ (മുക്ത) തുടങ്ങിയ സ്ത്രീകഥാപാത്രങ്ങൾ ഈ സംരംഭത്തിനൊപ്പമുണ്ട്. ഓർമയുടെ തിരുത്തിൽ ബാക്കിയാകുന്ന നേരിയ പച്ചപ്പിനെ ഒരു വനപ്പച്ചയാക്കി മാറ്റാനുള്ള കഠിനമായ യത്നത്തിൽ 'സ്ത്രീ' എന്ന പരിമിതി മറന്നു കൊണ്ടുതന്നെ എല്ലാവരും ഒരു മനസ്സായി പ്രവർത്തിക്കുന്നു. പെണ്ണുടലും ആൺമനസ്സും ഉള്ള വിചിത്രമായ അവസ്ഥയെ വളരെ അസാധാരണമായ മെയ്യൊതുക്കത്തോടെ അനുശ്രീ അവതരിപ്പിക്കുന്നു ഇതിഹാസയിൽ (ബിനു. എസ്) സ്വപ്നമേനോൻ, ദിവ്യപ്രഭ എന്നീ നടികളും അവളോടൊപ്പം മോശമല്ലാത്ത പ്രകടനം കാഴ്ചവെക്കുന്നു. എങ്കിലും പെണ്ണുടലിന്റെ വിലപേശലുകളും അതിക്രമങ്ങളും ഈ സിനിമയിലും കടന്നുവരുന്നുണ്ട്. സ്ത്രീ എന്നത് എത്ര ഗൗരവകരമായ വിഷയം കൈകാര്യം ചെയ്താലും അറിയാതെ ഇക്കിളിയായിപ്പോകുന്നു എന്നതൊരു വാസ്തവമാണെന്ന് ഈ സിനിമയും പറഞ്ഞുവെക്കുന്നുണ്ട്. കൂതറ (ശ്രീനാഥ് രാജേന്ദ്രൻ) യിൽ സ്ത്രീകൾ പുരുഷന്റെ ബലഹീനതകളിലൂടെ തട്ടിപ്പിന്റെ പുതിയ രീതികൾ അവലംബിക്കുന്ന കാഴ്ച കാണാം. ഭാവന, ഗൗതമിനായർ, രഞ്ജിനി, ജനനിഅയ്യർ, മധുരിമ എന്നിവർ വ്യത്യസ്ത ജീവിതപശ്ചാത്തലത്തിലുള്ള സ്ത്രീകളെ അവതരിപ്പിക്കുന്നു. പക്ഷേ താരപരിവേഷത്തിൽ പതിവുപോലെ സ്ത്രീകൾ അപ്രസക്തരായി മാറുന്നു. ഭമാർ പടാർ (ദിലീഷ്നായർ) ഗൗരവമല്ലാത്ത ഒരു പ്രശ്നം കൈകാര്യം ചെയ്യുമ്പോഴും ജീവിതത്തിൽ വളരെ മോശമായ ഭാഗം അഭിനയിച്ചു തീർക്കുന്ന വത്സമ്മ (സ്രിന്ദ്യ) മനസ്സിൽ തങ്ങിനിൽക്കുന്ന കഥാപാത്രമാകുന്നു. നിയമത്തിന്റെ നൂലാമാലകളും സമൂഹത്തിന്റെ ചുഴിഞ്ഞു നോട്ടങ്ങളും ഭയക്കാതെ അവൾ ധീരമായി പോലീസിനെ നേരിടുന്നു. ജീവിതത്തെയും. മഞ്ജു അവതരിപ്പിക്കുന്ന കനകവും ചെറിയ സമയം കൊണ്ട് ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ട്. ജീവിതത്തിന്റെ മോശമായ ചുറ്റുപാടുകൾ സ്ത്രീകളെ കരുത്തുള്ളവരാക്കുന്നുണ്ട് എന്ന തിരിച്ചറിവ് ഈ സിനിമയ്ക്കുണ്ട് എന്നതാണ് ആശ്വാസം. വിക്രമാദിത്യൻ ഇക്കാലത്തെടുക്കേണ്ട സിനിമയേ അല്ലെന്നു തോന്നി കണ്ടപ്പോൾ. പക്ഷേ ലെനയുടെ കഥാപാത്രം പതിവുപോലെ തന്റെ നയം അടയാളപ്പെടുത്തുന്നു. നമിതാപ്രമോദിനെ (ദീപിക പൈ) ഒരു സാധാരണ സ്ത്രീകഥാപാത്രത്തിനപ്പുറത്തേക്ക് വളരാൻ അനുവദിക്കുന്നേയില്ല. വെള്ളിമൂങ്ങ ഒരു സറ്റയർ ആയി അനുഭവപ്പെടുമ്പോഴും വനിതാ പഞ്ചായത്ത് പ്രസിഡണ്ട് എന്ന പെൺകഥാപാത്രത്തെ കൃത്യമായി അപഹസിക്കാൻ മറന്നുപോകുന്നില്ല. നിക്കി ഗിൽറാണിയുടെ ലിസ വളരെ തന്റേടപൂർവ്വം പ്രശ്നപരിസരങ്ങളെ തരണം ചെയ്യുന്നതായി തോന്നുമെങ്കിലും വീട്ടുകാർക്ക് വഴങ്ങുന്ന സാധാരണപ്പെണ്ണായി മാറാൻ അവൾക്കധികം ആലോചിക്കേണ്ടി വരുന്നില്ല, പിന്നീട് താൻ കബളിപ്പിക്കപ്പെട്ടുവെന്ന തിരിച്ചറിവിലും ശക്തമായി പ്രതികരിക്കാൻ അവൾക്കവസരമില്ല. ചെറിയ റോളിൽ ചുരുക്കം സംഭാഷണങ്ങളിലൂടെ ലെന (മോണിക്ക) ഇവിടെയും മുന്നോട്ടുവരുന്നു. 'മുന്നറിയിപ്പി'ൽ തന്റെ പതിവ് അപ്പിയറൻസിൽ അപർണാ ഗോപിനാഥ് അഞ്ജലി അറയ്ക്കലായി രൂപാന്തരം പ്രാപിക്കുന്നു. മുന്നോട്ടുള്ള ഒരു വഴിയിലും സ്ത്രൈണത അവൾക്ക് തടസ്സമാകുന്നില്ല. മമ്മൂട്ടിയുടെ സി.കെ. രാഘവനെ കുറിച്ചറിയാൻ ബാറിലും ജയിലിലും അവൾ സമർത്ഥമായി കരുക്കൾ നീക്കുന്നു. എങ്കിലും പുത്തൻ തലമുറയുടെ പ്രശസ്തി, പണം എന്നിവയോടുള്ള ആസക്തിയിൽ നിന്നും അവൾ മുക്തയാകുന്നില്ല. ആദ്യപകുതിയിൽ അഭിനന്ദനാർഹയായി മാറിയ സ്ത്രീ കഥാപാത്രം ഉദ്ദിഷ്ടകാര്യത്തിനായി ക്രൂരമായ മാറ്റങ്ങൾക്കു വിധേയമാവുകയാണ് അവരിലെ അ

മാക്കുന്നു. റൊമാൻസും സെന്റിമെന്റ്സും തിരുകിക്കയറ്റാതെ ഇത്തരമൊരു സ്ത്രീഅവസ്ഥയിലൂടെ കടന്നുപോകുന്ന സിനിമ തികച്ചും വ്യത്യസ്തമാകുന്നു. ഏറെ ചർച്ച ചെയ്യപ്പെട്ട റോഷൻ ആൻഡ്രൂസ് സിനിമയാണ് 'ഹൗ ഓൾഡ് ആർ യൂ'. മഞ്ജുവാര്യരുടെ തിരിച്ചുവരവിന്റെ ആഘോഷവും ഇതിലുണ്ട്. കന്മദം, കണ്ണെഴുതി പൊട്ടുംതൊട്ട് തുടങ്ങിയ സിനിമകളിൽ തികച്ചും വ്യത്യസ്തമായ സ്ത്രീയുടെ മുഖം പരിചയപ്പെടുത്തിയ മഞ്ജുവിൽ നിന്ന് നാം പലതും പ്രതീക്ഷിക്കുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീപക്ഷത്തെക്കുറിച്ചും വിധി പറയാനും വികലതകൾ ചൂണ്ടിക്കാട്ടാനും സ്ത്രീവിരുദ്ധതയ്ക്കാവില്ലെന്ന സത്യം നിലനിൽക്കേതന്നെ 'ഹൗ ഓൾഡ് ആർ യൂ' ചിലതൊക്കെ ചെയ്യാൻ ശ്രമിക്കുന്നു. സിനിമ നിരീക്ഷിച്ച ഒരു സാധാരണ വീട്ടമ്മ അഭിപ്രായപ്പെട്ടത് 'ഫാന്റസി അല്ലെങ്കിൽ ഒരിക്കലും നടക്കാനിടയില്ലാത്തത്'എന്നാണ്. ആദ്യം തർക്കങ്ങളുന്നയിച്ചെങ്കിലും മലയാളി പരിസരത്തുന്നുകൂട്ടിക്കിഴിച്ചു നോക്കുമ്പോൾ എവിടെയോ ഒരു സത്യാംശം ആ അഭിപ്രായത്തിൽ ഒളിഞ്ഞുകിടക്കുന്നതായി കണ്ടെത്താം. കച്ചവടസിനിമകളുടെ മൂലധന സാമ്രാജ്യം ഒരു സ്ത്രീയെ നിരാകരിക്കാൻ മാത്രം ശക്തമാണ്. അവരുടെ പ്രത്യക്ഷമായ ഒരു ചുവടുവെയ്പ് പരോക്ഷമായ കിലോമീറ്റർ താണ്ടലുകൾക്ക് ശേഷമുണ്ടാകുന്നതാണ്. ഈ ചിത്രം പറഞ്ഞുവെച്ച കുടുംബത്തിലെ അപമാനിക്കപ്പെടലുകളും ഇൻസെൻസിറ്റിവിറ്റിയും പ്രേക്ഷകരുമായി സംവദിക്കുകയും താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു. റവന്യൂ ഡിപ്പാർട്ട്മെന്റ് ക്ലർക്കായ നിരുപമ ഉന്നയിക്കുന്ന ചോദ്യം ഫെമിനിസ്റ്റുകൾ സ്വയം ചോദിക്കേണ്ടതാണ്. പക്ഷേ ഇത്രയും കരുത്തയായിരുന്ന ഒരു സ്ത്രീ 'പ്രാകൃത'യായ ഒരു വീട്ടമ്മയായി ജീവിതം വലിച്ചുനീട്ടുന്നതുകാണുമ്പോൾ നമ്മുടെ പരിസരത്ത് നമ്മെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒതുങ്ങി ജീവിക്കുന്ന നിരവധി സ്ത്രീ പ്രതിഭകളെ ഓർത്തുപോകുന്നു. ഹനുമാനെ ജാംബവാൻ ഓർമിപ്പിച്ചതുപോലെ ഒരു സൂസൻ (കനിഹ) വേണ്ടി വന്നു നിരുപമയ്ക്ക് സ്വയം തിരിച്ചെടുക്കാൻ. പിൻവിളികളിൽ മടങ്ങിപ്പോകാത്ത ഒരു സ്ത്രീകഥാപാത്രത്തെ കണ്ടെത്താൻ കഴിഞ്ഞിടത്താണ് റോഷൻ ആൻഡ്രൂസിന്റെ സിനിമ വിജയിക്കുന്നത്. 'ഇയോബിന്റെ പുസ്തകം' വ്യത്യസ്തമായ ചില സ്ത്രീ ചിത്രങ്ങളാണ് വരച്ചുവെക്കുന്നത്. ഇഷ ഷെർവാണി (മാർത്ത) പത്മപ്രിയ (റാഹേൽ) റീന മാത്യൂസ് (അന്നമ്മ) ലെന (കഴലി) വ്യത്യസ്ത കാലഘട്ടങ്ങളിലെ പ്രതിനിധീകരിക്കുന്ന ഇവരോരുത്തരും സ്വന്തം ഇടം ഭദ്രമാക്കുന്നുണ്ട്. എടുത്തുപറയേണ്ടത് പത്മപ്രിയയുടെ റാഹേൽ എന്ന കഥാപാത്രത്തെക്കുറിച്ചാണ്. വളരെ മോശമായ ചുറ്റുപാടുകളിലെത്തപ്പെട്ട് നിരന്തരമായി ചതിക്കപ്പെടുന്ന റാഹേൽ പുരുഷന്മാരുടെ ചതി പ്രയോഗങ്ങൾക്ക് അതിനേക്കാൾ ശക്തമായ നാണയത്തിൽ തിരിച്ചടി നൽകുന്നു. തെറ്റായ ജീവിതത്തെ ശരിയാക്കി മാറ്റുന്ന റാഹേൽ സബ് ക്യാരക്ടർ ആയിട്ടും സിനിമയിൽ നിറയുന്നു. ആത്മഹത്യയെപ്പോലും അവൾ വിജയാഘോഷമാക്കുന്നു. സ്വന്തമായതെല്ലാം തട്ടിപ്പറിക്കപ്പെട്ട ലെനയുടെ കഴലി ഒന്നുമില്ലായ്മയിൽ നിന്നും ജീവിതത്തെ ജയിച്ചുകാണിച്ച് ശക്തയായ സ്ത്രീയാണെന്ന് തെളിയിക്കുന്നു. എല്ലാം സ്വന്തമാവുന്നു എന്ന തിരിച്ചറിവിലും ഒരു സാധാരണ സ്ത്രീയായി മതിമറന്നാഹ്ലാദിക്കാൻ അവൾ തുനിയുന്നില്ല. ജീവിതത്തെ നേരിടാൻ പണം അവശ്യവസ്തുവല്ലെന്ന് അനുഭവങ്ങൾ അവൾക്ക് സാക്ഷ്യപ്പെടുത്തുന്നു. 'പുണ്യാളൻ അഗർബത്തീസി'ൽ നൈലാ ഉഷയുടെ അനുവും രചനാ നാരായണൻകുട്ടിയുടെ അഡ്വക്കേറ്റും വ്യത്യസ്തമായ സ്ത്രീ കഥാപാത്രങ്ങളാകുന്നു. ഭാര്യയ്ക്ക് ശക്തമായ സുഹൃത്താകാൻ കഴിയുമെന്ന് അനു തെളിയിക്കുന്നു. നായകന്റെ തളർച്ചയുടെ ഓരോ ഘട്ടത്തിലും അവൾ അതിനെ അതിജീവിക്കാനുള്ള പ്രയത്നത്തിലേർപ്പെടുന്നു. നിയമത്തിന്റെ നൂലാമാലകൾക്കിടയിൽ സ്വന്തം വ്യക്തിത്വം ഉയർത്തിപ്പിടിക്കുന്ന രചനയുടെ അഡ്വക്കേറ്റ്. അലിഫ് മുഹമ്മദ്കോയ ശക്തമായ ആശയത്തിൽ പറഞ്ഞു വെച്ച സിനിമയാണ് അനുഭവം തരുകിയാണ്



*അവാർഡ് ജേതാക്കൾ മുഖ്യാതിഥിയോടൊപ്പം*

പ്രചോദമാകുന്നു. ക്യാമറയ്ക്കു പിന്നിലെ നട്ടെല്ലായി ലെന ശക്തമായ പ്രകടനം കാഴ്ചവെക്കുന്നു. 'ഓം ശാന്തി ഓശാന' (ജൂഡ് ആന്റണി)'ആൺകുട്ടി'യെപ്പോലെ (പ്രസവത്തിൽ ആണാണെന്ന് തെറ്റായി അനൗൺസ് ചെയ്യപ്പെട്ടവളും) സ്വതന്ത്രമായ് വിഹരിച്ചു വളരുന്ന പെൺകുട്ടിക്ക് പ്രണയവും ഒരു 'ആൺവ്യൂ' വിലാണ് വരുന്നത്. ഗിരി (നിവിൻ)യെ പ്രൊപ്പോസ് ചെയ്യുന്നു. നിരാശയെ അതിജീവിച്ച് പഠനമേഖലയിൽ കഴിവു തെളിയിക്കുന്നു. പക്ഷേ ഇതിനിടയിലും പൂജാ മാത്യുവിലെ (നസ്രിയ) സ്ത്രീസഹജമായ സ്വഭാവങ്ങൾ പുറത്തു ചാടുന്നുണ്ട്. നല്ല ഡ്രസ് ധരിച്ചുവരുന്നത്, തെന്നലിനോട് അസൂയ അമ്മയെ സ്വാധീനിക്കാൻ ശ്രമം. അമ്മയുടെ പുസ്തക പ്രകാശനത്തിലൂടെ നായകന്റെ ഹൃദയത്തിലേക്കിടിച്ചുകയറൽ ഇങ്ങനെ അവളെ ഇടയ്ക്കിടെ സ്ത്രീത്വത്തിലേക്ക് തിരിച്ചയക്കാനൊരു ശ്രമം നടക്കുന്നുണ്ടെങ്കിലും അവളുടെ തുറന്ന പെരുമാറ്റം, പ്രണയം, തൊഴിലിന്റെ സ്കിൽ, സാമൂഹ്യപ്രവർത്തനങ്ങൾ എല്ലാം ചാരുതയാർന്നതാണ്. വിനയപ്രസാദിന്റെ റേച്ചൽ വളരെ മനോഹരമായ സ്ത്രീകഥാപാത്രമാകുന്നു. ഒരു സംഭാഷണം നോക്കൂ.'നിനക്ക് സ്നേഹിക്കുന്ന പുരുഷനെ വിവാഹം ചെയ്യാം, അല്ലെങ്കിൽ വിവാഹം ചെയ്യേണ്ടിവരുന്ന അപരിചിതനെ സ്നേഹിക്കാൻ പഠിക്കാം' വ്യത്യസ്തമായ കാഴ്ചപ്പാടുകളുള്ള മകളെ നന്നായി മനസ്സിലാക്കുന്ന ജീവിതത്തെ അനായാസമായി കൈകാര്യം ചെയ്യുന്ന അമ്മയും പുതിയ കാഴ്ചയാണ്.

ബാംഗ്ലൂർ ഡെയ്സ് - അഞ്ജലീ മേനോൻ സംവിധാനം ചെയ്ത ഈ സിനിമയിൽ എടുത്തുപറയാനുള്ളത് ആൺപെൺ വ്യത്യാസമില്ലാത്ത കസിൻസിന്റെ ഇടപെടലുകളാണ്. (സാധാരണസിനിമകളിൽ മിനിമം ഒരു ത്രികോണപ്രേമത്തിന് സാധ്യതയുണ്ട്). പക്ഷേ വളരെ ടാലന്റുള്ള ഒരു പെൺകുട്ടി (റാങ്ക് ഹോൾഡർ) അച്ഛനമ്മമാർക്കുവേണ്ടി സ്വപ്നങ്ങൾ ഉപേക്ഷിച്ച് വിവാഹിതയാവുന്നത് നമ്മെ നിരാശരാക്കും. പക്ഷേ ദാമ്പത്യത്തിലെ തിക്തത അവളെ കരയിക്കുകയോ തളർത്തുകയോ ചെയ്യുന്നില്ല. ഒരു താൽക്കാലിക പിണക്കത്തെ വീട്ടുകാർ ഊതി വീർപ്പിച്ച് ഡൈവോഴ്സിലെത്തിക്കും മുമ്പ് അവൾ മടങ്ങുന്നു. അവൾക്കിപ്പോൾ വ്യക്തമായ മാർഗരേഖയുണ്ട്. അവൾ സ്വന്തം നിലയ്ക്ക് പഠനം തുടരുന്നു. ഭർത്താവിന്റെ പ്രശ്നം തിരിച്ചറിഞ്ഞ് സ്മൂത്തായി പരിഹരിക്കുന്നു. വലിയ ഘോഷങ്ങളില്ലാതെ അവൾ പെൺപെരുമ ഉയർത്തിക്കാട്ടുന്നു. പാർവതിയുടെ സാറ അതിജീവനത്തിന്റെ ശക്തിസ്രോതസ്സാകുന്നു. അവൾക്ക് തന്റെ വൈകല്യത്തിൽ സങ്കടമില്ല. വീട്ടുകാർക്ക് അവളെക്കുറിച്ച് സഹതാപമില്ല. മറിച്ച് മതിപ്പും അഭിമാനവുമാണ് വീണു കിട്ടിയ പ്രണയം, അവളുടെ അംബിഷനുമേൽ നിഴൽ വിരിക്കാതിരിക്കാൻ അവർ പാടുപെടുന്നുമുണ്ട്. ബാഹ്യമായ 'മലയാളിക്കാഴ്ച'യുടെ പൊള്ളത്തരം പൊളിച്ചടുക്കുന്ന രണ്ട് കഥാപാത്രങ്ങളുണ്ട്. ഇഷാതൽവാറിന്റെ മീനാക്ഷിയും കൽപനയുടെ കുട്ടന്റെ അമ്മയും. കുട്ടന്റെ സങ്കൽപങ്ങളെ ആദ്യം തകർക്കുന്നത് മീനാക്ഷിയാണ്. അതിൽനിന്നു മുക്തി നേടുന്നതിനിടയിലാണ് അച്ഛന്റെ തിരോധാനത്തെത്തുടർന്നുള്ള സംഭവങ്ങൾ. നാട്ടിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്ന കുട്ടനെ തടഞ്ഞുകൊണ്ട് തറവാടിന്റെ കെട്ടുപൊട്ടിച്ച് ബാംഗ്ലൂരിലെത്തുന്ന അമ്മ സാരിയിലേക്കും ചുരിദാറിലേക്കും ന്യൂഡിൽസിലേക്കും മാറിമറിയുന്ന രസകരമായ കാഴ്ചകൾ നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. ഒടുവിൽ പാന്റ്സും കോട്ടുമിട്ട് അമേരിക്കയിലേക്കു പറക്കുകയാണ്. തറവാടിന്റെ അകത്തളങ്ങളിൽ സെറ്റുമുണ്ടും നേരിയതുമൊക്കെ ധരിച്ച് ഒതുങ്ങിക്കഴിയുന്ന എത്രയോ വീട്ടമ്മമാരുടെ തഴുതിട്ടുപൂട്ടിയ മനസ്സാണ് കല്പനയുടെ കഥാപാത്രം തുറന്നുവെക്കുന്നത്. 'ഹോംലിമീൽസി'ൽ ശ്രിൻസ ആശബിന്റെ നന്ദിത, അലന്റെ എല്ലാ പ്രയാസങ്ങളിലും സഹായിക്കുന്ന പെൺസുഹൃത്താണ്. പ്രണയത്തിലേക്ക് വഴുതിവീഴാത്ത തുറന്ന സൗഹൃദങ്ങൾ നല്ല കാഴ്ചയാവുന്നു. 'ഹര'ത്തിലെ നായിക രാധിക ആപ്തേക്ക് ഒന്നും ചെയ്യാനില്ല. ടിപ്പിക്കൽ സ്ത്രീ. സാഹരികയുടെ റേഡിയോ ജോക്കിയാണ് അല്പമെങ്കിലും വ്യക്തിത്വം പ്രകടിപ്പിക്കുന്നത്. 'ഫയർമാനി'ലെ നൈല ഉഷയുടെ ഷെറിൻ തോമസ് IPS, നായകനൊപ്പം ഉയർന്ന നിലവാരം പുലർത്തുന്ന കഥാപാത്രം. പിക്കറ്റ് 43 - ൽ പഴയ നാട്ടിൻപുറത്തുകാരി നായിക തിരനോട്ടം നടത്തുകയാണ്. ഗാങ്സ്റ്ററിലെ നൈലയും ഉഷയുടെ സന ഇബ്രാഹിമും അപർണയുടെ ലില്ലിയും വ്യത്യസ്തയാർന്ന സ്ത്രീകഥാപാത്രങ്ങളാവുന്നു. 'യു ടു ബ്രൂട്ടസ്' ലെ നായികമാർ അനുമോഹൻ, ഹണിറോസ് വ്യത്യസ്തമായ ഇടപെടലുകളിലൂടെ പുരുഷന്മാരെ ചതിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുകയാണ്. സ്ത്രീകളായ നെഗറ്റീവ് കഥാപാത്രങ്ങൾ സിനിമയിൽ സ്ഥാനം പിടിച്ചുകൊണ്ടെയിരിക്കുന്നു. 'ലോ പോയിന്റ്' എന്ന സിനിമയിൽ നായകന്റെ കൂർമബുദ്ധിയെ അതിവിദഗ്ദമായി പൊളിച്ചെഴുതുകയാണ് നായികയായ നമിതാപ്രമോദ്. പുരുഷന്റെ കൂടുതലുണ്ടെന്നവകാശപ്പെടുന്ന ഒരെല്ല് തന്ത്രപൂർവ്വം ഊരിയെടുത്ത് വിജയമാഘോഷിക്കുന്ന നായിക ഒരു പുതിയ കാഴ്ചയാണ്. അതിലെ നല്ല വശം വെളിപ്പെടുമ്പോൾ നായികയിലെ നെഗറ്റീവ് തൂവൽ കൊഴിഞ്ഞുപോവുകയും ചെയ്യുന്നു. '1000 സെൽഷ്യസ്' രാകേഷ് ഗോപനാണ് സംവിധാനം നിർവഹിക്കുന്നത്. കൃത്യമായ ചലനവേഗത്തിൽ നീങ്ങുന്ന സിനിമയിൽ നിള (ശ്വേത), നാൻസി (ഭാമ), രേവതി (മേഘ്നരാജ്), ഗംഗ (അനന്യ), ലൗലി (ഹരിത) ഇങ്ങനെ വ്യത്യസ്തമേഖലയിലുള്ള സുന്ദരികളായ 6 സ്ത്രീകളുടെ കഥയാണിത്. ടിവി റിപ്പോർട്ടറായ രേവതിയും ബാങ്ക് ഉദ്യോഗസ്ഥയായ നാൻസിയും ഐ.ടി. ഉദ്യോഗസ്ഥയായ നിളയും വ്യത്യസ്തകാരണങ്ങളാൽ ഭർത്താവിനെ പിരിഞ്ഞവരാണ്. ഗംഗ വിദ്യാർത്ഥിനിയും. ഫ്ളാറ്റിലെ സ്വസ്ഥജീവിതം നയിക്കുന്നതിനിടയിൽ രേവതിയുടെ സുഹൃത്തായ ലൗലിയും കാമുകനും ഫ്ളാറ്റിലെത്തുന്നതോടെ കഥ മാറുന്നു. കാമുകൻ മരണപ്പെടുന്നതോടെ വിദേശത്തു ജോലിയുള്ള ഭർത്താവുള്ള ലൗലി സ്വയം കുടുക്കിലാവുകയും മറ്റുള്ളവരെക്കൂടി കുടുക്കിലാക്കുകയും ചെയ്യുന്നു. മരണം രഹസ്യമാക്കിയത് കണ്ട ഒരാളിന്റെ നിരന്തരമായ ബ്ലാക്ക്മെയിലിംഗിൽ അവർക്ക് പലതും നഷ്ടപ്പെടുന്നു. മാനസാന്തരം വന്ന ഭർത്താക്കന്മാർക്കും ഇയാൾക്കുമിടയിൽ ജീവിതം വീർപ്പുമുട്ടിയപ്പോൾ മറ്റുപോംവഴികളില്ലാതെ അയാളെ സമർഥമായി കൊല ചെയ്ത് മറവു ചെയ്ത് ജീവിതം തിരിച്ചുപിടിക്കുന്ന സ്ത്രീകൾ. ഇവരുടെ കഥാപാത്രങ്ങൾ ശക്തമായ നിലപാടെടുക്കുന്ന സ്ത്രീകളുടേതാണ്. കൊലപാതകങ്ങളിലെ ന്യായാന്യായങ്ങൾക്കപ്പുറം സ്വന്തം ജീവിതം സ്വയം തിരിച്ചുപിടിക്കുന്ന സ്ത്രീസാന്നിധ്യങ്ങളെ മാറ്റിനിർത്തുന്നത് എളുപ്പമല്ല. ഇങ്ങനെയും സ്ത്രീകൾ ചെയ്യേണ്ടിവരുന്നു എന്ന സത്യത്തിലേക്ക് സിനിമാക്കണ്ണുകൾ തുറന്നുവച്ചിരിക്കുന്നു. 'മിലി' എന്ന സിനിമയിൽ അമലാപോൾ സിനിമയുടെ നട്ടെല്ലായി മാറുന്നു. തികച്ചും അന്തർമുഖിയായൊരു പെൺകുട്ടി. സുഹൃത്തിന്റെയും (നവീൻ-നിവിൻ) നാൻസി (പ്രവീണ)യുടെയും സഹായത്തോടെ സ്വന്തം വ്യക്തിത്വം തിരിച്ചറിഞ്ഞ് കഥയുടെ ഗതി തന്നെ മാറ്റിമറിക്കുംവിധം ബോൾഡായി മാറുന്ന സുഖകരമായൊരനുഭവം ഈ സിനിമ തരുന്നു. ബഹിർമുഖ വ്യക്തിത്വങ്ങളെപ്പോലും ഇടപെടലുകൾ കൊണ്ട് അന്തർമുഖമാക്കാൻ വെമ്പുന്ന സിനിമാലോകത്ത് (ലോകത്ത്) ഇത്തരം കാഴ്ചകൾ അഭികാമ്യം തന്നെ.

'ട്രിവാൻഡ്രം ലോഡ്ജ്' പോലുള്ള സിനിമകൾ ഉണ്ടാക്കിയ മലീമസമായ ഒരു സ്ത്രീപരിസരത്തെ നമുക്ക് അവഗണിക്കാമെന്നു തോന്നുന്നു. സെക്സിനെക്കുറിച്ച് യാതൊരു മറയുമില്ലാതെ സംസാരിക്കുകയും സ്വതന്ത്രമായി ലൈംഗികജീവിതം നയിക്കുകയും ചെയ്യുന്ന ഒരു 'സാമൂഹ്യവിരുദ്ധ ലോഡ്ജി'ൽ എല്ലാ സ്ത്രീപുരുഷബന്ധങ്ങളും ലൈംഗികാധിഷ്ഠിതമാകുന്നു. 22 ഫീമെയിൽ കോട്ടയത്തിൽ സ്ത്രീ തന്റെ സ്വത്വം തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നതിനുമപ്പുറത്ത് നമ്മെ അലട്ടുന്ന ചില ദൃശ്യങ്ങളുണ്ട്. പെൺശരീരമെന്നത് ഒരു അധികാര രൂപമെന്നതിനേക്കാൾ വിധേയരൂപമായി മാറുന്നു. പെൺസിനിമയെന്ന് ഘോഷിക്കുന്നതോടൊപ്പം സ്ത്രീ വിരുദ്ധതകളുടെ തേർവാഴ്ചതന്നെ ഇതിൽ കാണുന്നുണ്ട്. ശരീരം പരിശുദ്ധമായി സൂക്ഷിക്കുന്ന പെണ്ണിന്റെ പ്രതിരോധങ്ങളെക്കുറിച്ച് ഇവിടെ നിശബ്ദതയാണ് സംസാരിക്കുന്നത്. ഉദാരലൈംഗികതയുടെ മണ്ണായി സ്ത്രീ ശരീരം മാറ്റപ്പെടുന്നു. തകർച്ചയുടെ അവസാനഘട്ടത്തിൽ മാത്രം വീണ്ടെടുക്കപ്പെടേണ്ടതാണോ സ്ത്രീ ശക്തി?

സ്ഥിരമായ മലയാള സിനിമാ സങ്കൽപങ്ങളിലെ കുലീനയുവതി, മലയാളിപ്പെണ്ണ് (വേണമെങ്കിൽ മുല്ലപ്പൂവോ തുളസിക്കതിരോ ചൂടാം) എനിക്കൊന്നുമറിയില്ല, എനിക്കു നിന്നെ കാണണ്ടാ എന്ന് സത്യത്തോട് മുഖം തിരിക്കുന്ന സെറ്റ് മുണ്ട് ധരിച്ച ആഢ്യവീട്ടമ്മ, പെണ്ണിന്റെ അടക്കമൊതുക്കങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന മുത്തശ്ശി, പ്രായമെത്രയായി ഓട്ടവും ചാട്ടവും നിർത്താനായില്ലേ, കുട്ടിയാണെന്നാ വിചാരം എന്ന ചോദ്യത്തിനുമുന്നിൽ ചൂളിനിൽക്കുന്ന കൗമാരക്കാരി, ഫാഷൻ വസ്ത്രങ്ങളും പരിഷ്ക്കാരചലനങ്ങളുമുപേക്ഷിച്ച് നല്ലവളായി സാരിചുറ്റി തലകുനിച്ചു നിൽക്കുന്ന നായിക, ന്യായന്യായങ്ങളെല്ലാം ഭർത്താവ്, അച്ഛൻ, അമ്മാവൻ, സഹോദരൻ എന്നിവരുടെ കൈവിരൽത്തുമ്പിലാണെന്ന് പതുങ്ങുന്ന പെണ്ണ്, മലയാളസിനിമയിലെ വാർപ്പുമാതൃകകൾ ഇങ്ങനെപോകുന്നു. സ്വാതന്ത്ര്യം പ്രാപിക്കുന്ന സ്ത്രീ മുടി, സാരി, ആഭരണങ്ങൾ, സൗമ്യമായ പെരുമാറ്റം ഇവ ഉപേക്ഷിക്കണമെന്ന തെറ്റായ സ്വാതന്ത്ര്യസങ്കൽപങ്ങൾ സ്ത്രീക്ക് എപ്പോഴാണ് തന്റെ സ്വന്തം ശരീരത്തിന്റെ തടവിൽ നിന്നും മോചനം നേടാൻ കഴിയുക? ആരോ നയിക്കപ്പെടേണ്ടവളല്ല സ്വയം നയിക്കാൻ കരുത്തുള്ളവളാണ് താനെന്ന് ഓരോ സ്ത്രീയും തിരിച്ചറിയണ്ടേ? സ്വയം നിർണയിക്കുന്ന ചട്ടക്കൂടിൽ നിന്നും സ്ത്രീ പുറത്തുവരണം. സ്ത്രീക്ക് പരിധി നിർണയിക്കേണ്ടത് മറ്റാരോ അല്ല, സ്വയം തന്നെയാണ് തന്നിലെ തന്നെ വീണ്ടെടുക്കുമ്പോഴാണ് ഓരോ സ്ത്രീയും സ്വതന്ത്രയാവുന്നത്. അപ്പോഴേ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്ന സ്ത്രീസങ്കൽപങ്ങൾക്കും മാറ്റം സംഭവിക്കൂ.

# Remembering Devaki Warrier





Mridul Eapen

Each time we celebrate Mrs. Warrier's birthday on June 12th which we observe as the Devaki Warrier Women Empowerment Centre (DWWEC) Day, what amazes me is the spontaneous participation of so many people who knew her or heard of her and her activities in the women's movement, specifically in AIDWA and her involvement in the community as a Corporation councillor. There is no undue effort taken by the members of the DWWEC Trust to mobilise all these well wishers for the day and a telephone call is enough to draw so many of them enthusiastically to the venue to hear about Mrs. Warrier and the Trust's progress in addressing social needs of women. Thirteen years have passed and numbers attending the function have increased. This is no doubt a tribute to Mrs Warrier's life time commitment to serving the cause of women.

Certain things which endeared Mrs Warrier to all was her complete honesty and her passion for fairness and justice. She practiced what she talked and took an impartial stand on any issue which was brought to her notice. Her unassuming nature and humility and the ability to get along with women from all walks of life made her a confidant of so many people whose problems she heard with tolerance and patience. And with her sense of justice the decisions she took could not be refuted by those concerned. The time when some inmates of a hostel got thrown out, Mrs Warrier (together with a few others) stood solidly with them and helped them find another place to stay. This was also the time (1973) when the Kerala Working Women' Association was formed. Many a time the hostel had to be changed and each time, she was there to help out till the Association could procure a piece of land in a prime location to build their own hostel. It was at this critical time, when the Association was just growing and the construction had to take place that Mrs. Warrier's full engagement with the activities of the Association were of immense help. Others like Mrs. Krishnan and (later) Padmini Chechi played very important roles in the initial years of the KWWA.

I got to know her pretty well after the Kerala Working Women's Association was formed and we were all engaged in running the hostel, its first major activity. During the period since then of trying to evolve a 'model' working women's hostel, was one of learning for me, about women's issues, how to handle inter personal conflicts, the need to declass oneself and understand people from all strata of society and to be basically concerned about women, irrespective of caste, class or political affiliation. Hence from the most elite to the poorest, she had close contact with all and her handling of controversial issues earned her the respect and regard of all. The path she showed us in how to work within an organization, set the ground for the future growth of the KWWA which has since then progressed into a recognized NGO in the state with a set of committed and dedicated members running it. We felt the vacuum she left after her demise in 2001 and with near unanimity it was decided to set up a sister organization in her memory, the DWWEC, dedicated primarily to cater to patients and bystanders (largely women) who had to go to hospitals, in particular Regional Cancer Centre, Sree Chitra and Medical College for treatment of non-communicable diseases like cancer (the illness Mrs Warrier died of). As other articles in the Bulletin would show, through fortuitous circumstances, the Association was able to purchase a building in Chalakuzhy Road, close to these 3 big hospitals which was then set up as the Devaki Warrier Women Empowerment Centre. Its objective was and is to provide free accommodation to patients and bystanders who after treatment like chemo are unable to travel back home and cannot afford private lodging. Starting from a small enterprise, the empathy and understanding people got in the Centre from those managing it, resulted in its name and fame spreading to other districts also and now patients come in from far off districts and find the stay in the Centre very congenial with its family like environment. Given the excellent track record of DWWEC's work, they got the sanction from TRIDA to run another 'Vishramam Kendra' near the Medical College, providing short term accommodation to those coming to the medical institutions for treatment. Once again dedicated people running the Kendra are doing tremendous service to the disadvantaged sections of society.

It is difficult to forget Mrs. Warrier and Dr PKR Warrier both stalwarts of the Left movement who spread good will and happiness through leading a simple life and were a strong support for us. If anything went wrong we had the assurance that they are there to help us out. They continue to inspire us and encourage us to be good human beings.



അരുൺ ജെസ്റ്റിൻ

എന്റെ പേര് അരുൺ ജെസ്റ്റിൻ. ഞാൻ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് 2009 സെപ്തംബർ മാസം ശക്തമായ ചുമയും പനിയും കാരണം തൃശ്ശൂർ മെഡിക്കൽ കോളേജിൽ അഡ്മിറ്റായി. പിന്നീടുള്ള പരിശോധനിലാണ് ക്യാൻസറാണെന്ന് സ്ഥിരീകരിച്ചത്. പിന്നീട് തുടർ ചികിത്സയ്ക്കായി തിരുവനന്തപുരം R.C.C യിലേക്ക് അയച്ചു. രണ്ടര വർഷത്തെ ചികിത്സയാണ് ഡോക്ടർ നിർദ്ദേശിച്ചത്. ആ സമയം ചികിത്സാ സൗകര്യത്തിനായി ഞങ്ങൾ ദേവകീ വാര്യർ ട്രസ്റ്റിന്റെ ട്രിഡ വിശ്രമ സങ്കേതത്തിലാണ് താമസിച്ചിരുന്നത്. അവിടെ നല്ല ഭക്ഷണവും താമസ സൗകര്യവുമായിരുന്നു. അവിടുത്തെ ആന്റിമാർ വളരെ സ്നേഹത്തോടെയാണ് ഇടപഴകിയത്. രാധാമണി ആന്റി, സുശീല ആന്റി, പത്മിനി ആന്റി ഇവരെല്ലാം ഞങ്ങളെ കുടുംബത്തിലെ ഒരു അംഗമായാണ് പരിചരിച്ചിരുന്നത്. ഞാനിപ്പോൾ +2 വിദ്യാർത്ഥിയാണ്. ഇപ്പോഴും ചെക്കപ്പിനായി വരുമ്പോൾ ഞങ്ങൾ ഇവിടെയാണ് താമസിക്കാറ്. ഇവിടുത്തെ അനുഭവങ്ങൾ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയില്ല. ഇവിടെ നിന്ന് ലഭിച്ച എല്ലാ ഉപകരണങ്ങൾക്കും നന്ദി. ഇനിയും ഒട്ടേറെ പേർക്ക് കൈത്താങ്ങായി ഈ സ്ഥാപനം വളരട്ടെ എന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.



പ്രസീത

എനിക്ക് 38 വയസ്സ് ഭർത്താവും രണ്ടു കുട്ടികളും ഉള്ള ഒരു കുടുംബം ആണ് ഞങ്ങളുടേത്. ജൂൺ 12 ന് എനിക്ക് പെട്ടെന്ന് തലകറക്കം ആണ് ഉണ്ടായത്. അടുത്തുള്ള ഡോക്ടറെ കാണിച്ചു. അവിടെ നിന്ന് ബ്ലഡ് ഛർദ്ദിച്ചു. അഞ്ച് ദിവസം ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. സി.ടി.സ്കാൻ, എന്റോസ്കോപ്പി തുടങ്ങി പല ടെസ്റ്റുകളും ചെയ്തു. ഡോക്ടർക്ക് സംശയത്തിന്റെ പേരിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ വിട്ടു. അവിടെ നിന്നും ആദ്യം ചെയ്ത ചെക്കപ്പ് വീണ്ടും ചെയ്തു. എന്നെകാണിച്ച സുനിൽ കുമാർ ഡോക്ടർ തിരുവനന്തപുരം R.C.C യിൽ കാണിക്കാൻ പറഞ്ഞു. അതോടെ എന്റെ നിയന്ത്രണം വിട്ടു.

തിരുവനന്തപുരം എത്തി. അവിടെത്തെ ഡോ.ഇഖ്ബാൽ സാറും മധുമുരളി സാറിന്റെയും നിർദ്ദേശപ്രകാരം കുറേ ചെക്കപ്പ് ചെയ്തു. ആറുമാസം വരെ ചെക്കപ്പ് ആയിരുന്നു. ഈ സമയത്ത് എവിടെ താമസിക്കണം എന്ന് അറിയാതെ വിഷമിച്ചു നിൽക്കുമ്പോഴാണ് ഞങ്ങൾക്ക് 'ദേവകീ വാര്യർ' എന്ന സ്ഥാപനത്തെപ്പറ്റി അറിഞ്ഞു കേട്ടത്. അവിടെ എത്തി. ഞങ്ങളെ പോലെ തന്നെ ഒരുപാട് പേർ അവിടെ ഉണ്ട്. അവിടെ നിന്നും ദിവസവും ഡോക്ടറെ കാണിക്കാൻ പോകാൻ സൗകര്യമായി. ഭക്ഷണവും കുളിക്കാനുള്ള സൗകര്യവും എല്ലാത്തിനും സൗകര്യം ഉണ്ട്.

പേടിച്ചു ഭയന്ന എനിക്ക് ആന്റിയും അവിടത്തെ സ്റ്റാഫായ ചേച്ചിയും രാധച്ചേച്ചിയും അനിതചേച്ചിയും അതുപോലെ ഞങ്ങളെപോലെ ചികിത്സിക്കാൻ വന്ന കണ്ണേട്ടൻ, ജോജോ, സഞ്ചു ഇവരുടെ ഒക്കെ ആശ്വാസ വാക്കുകളാണ് എന്നെ മാറ്റിമറിച്ചത്.

എനിക്ക് വലിയ ഒരു ഓപ്പറേഷൻ വേണം എന്നാണ് ഡോക്ടർമാർ പറഞ്ഞത്. ആമാശയം മുറിച്ചു മാറ്റുക. അതുപോലെ കുടലും നീക്കം ചെയ്യുക. അൾസർ കൂടിപോയി പുതിയ ഒരു തരം ക്യാൻസർ ആണ് എന്നാണ് പറഞ്ഞത്. എനിക്ക് വേണ്ടി ഒരുപാട് ഒരുപാട് കാശ് ചെലവായി. ആകെ തളർന്ന എനിക്ക് എല്ലാവരും കാശ് തന്ന് സഹായിച്ചു. എല്ലാ വിഷമങ്ങളും ഉള്ളിലൊതുക്കി. ആന്റിമാരുടെ കൂടെ കഴിയുമ്പോൾ അവിടെ ഞങ്ങൾക്ക് ഒരു സാന്ത്വനം കൂടിയാണ് ഞങ്ങൾക്ക് രാവിലെയും ഉച്ചയ്ക്കും രാത്രിയിലും ഭക്ഷണവും സമയം ചിലവാക്കാൻ ആന്റിമാർ ടി.വി.യും വെക്കും. ഓരോരുത്തരുടെ പാർട്ടി അവിടെ വച്ച് നടത്തും. ചില വിശേഷ ദിവസങ്ങളിൽ സദ്യ ഒരുക്കിയും ഒരു കുടുംബംപോലെ കഴിച്ചു കൂട്ടും.

എനിക്ക് ഓപ്പറേഷനു വേണ്ടി രണ്ടു ലക്ഷം രൂപയോളം ചെലവായി. ഇപ്പോഴും ട്രീറ്റ്മെന്റ് നടന്നുകൊണ്ടിരിക്കുന്നു. എന്റെ കുട്ടികളെ ഓർത്താണ് എനിക്ക് വിഷമം. എട്ട് വയസ്സുള്ള മകളും നാലു വയസ്സുള്ള മകനും ആണ് എനിക്ക് ഉള്ളത്. ആന്റിയുടെ അടുത്ത് താമസിക്കുമ്പോൾ മനസ്സിന് നല്ല സമാധാനം ഉണ്ടാകും. പക്ഷേ നാട്ടിൽ വന്നാൽ വീണ്ടും ഒരു വിഷമം കോഴിക്കോട് ജില്ലയിലെ വടകര ഓർക്കാട്ടേരിയാണ് ഞങ്ങളുടെ സ്ഥലം.

മക്കൾ: ശ്രീനന്ദന പ്രകാശ്, ശ്രീഹരി പ്രകാശ്



എനോഷ്

ഞങ്ങളുടെ മകന്റെ പേര് എനോഷ് എന്നാണ്. ഞങ്ങൾ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി എന്ന സ്ഥലത്താണ് താമസിക്കുന്നത്. അവന് 8 വയസ്സ് ഉണ്ട്. അവൻ 3-ാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ അവന് ചെറിയ പനിയും തലകറക്കവും ഉണ്ടായി. ഞങ്ങൾ ഇവിടെ അടുത്തുള്ള ഒരു ഹോസ്പിറ്റലിൽ കാണിച്ചു. മരുന്ന് കഴിച്ചു പനി കുറഞ്ഞു. 2 ദിവസം കഴിഞ്ഞ് വീണ്ടും പനി ഉണ്ടായി. ഞങ്ങൾ തൃശ്ശൂരിലെ ജൂബിലി മിഷനിൽ കാണിച്ചു. അവിടെ അഡ്മിറ്റ് ചെയ്തു. എക്സ്റേ എടുത്തു നോക്കിയപ്പോൾ ന്യുമോണിയ ആണെന്ന് പറഞ്ഞു. അങ്ങനെ ട്രീറ്റ്മെന്റ് തുടങ്ങി ന്യുമോണിയ മാറിയിട്ടും പനി കുറയുന്നില്ല. പിന്നെ ബ്ലഡ് ടെസ്റ്റ് നടത്തി. അപ്പോൾ ഒ.ആ വളരെ കുറവായിരുന്നു. Count ഉം Platlet ഉം വളരെ താഴ്ന്നിരിക്കുന്നതായി കണ്ടു. Bone marrow Test നടത്തണം എന്ന് പറഞ്ഞു. Bone marrow Test കഴിഞ്ഞ് Result വന്നപ്പോൾ ഡോക്ടർ പറഞ്ഞു നിങ്ങളുടെ മകന് Blood Cancer ആണെന്ന്. തിരുവനന്തപുരം R.C.C യിലേക്ക് കൊണ്ടു പോകാൻ പറഞ്ഞു. ഞങ്ങൾ ആകെ തകർന്നുപോയി. മരവിച്ച മനസ്സുമായി ഞങ്ങൾ R.C.C യിലേക്ക് കൊണ്ടുപോന്നു. എന്ത് വിലകൊടുത്തും മോനെ രക്ഷിക്കണം എന്ന ചിന്തയായിരുന്നു. ഉറക്കമില്ലാത്ത ഒരുപാട് രാത്രികൾ കടന്നുപോയി. ഞങ്ങളും ഞങ്ങളുടെ ബന്ധുക്കളും ഞങ്ങളെ അറിയുന്നവരെല്ലാം ഈ മകനുവേണ്ടി കണ്ണീരോടെ പ്രാർത്ഥിച്ചു. ഞ.ഇ.ഇ യിൽ ചെന്ന് ഡോക്ടറെ കണ്ടു. തൃശ്ശൂരിലെ ഡോക്ടർ തന്ന ലെറ്റർ വായിച്ചു. എല്ലാ കാര്യങ്ങളും ചോദിച്ചറിഞ്ഞു ഡോക്ടർ. R.C.C യിൽ എത്തുമ്പോഴും ഞങ്ങളുടെ മനസ്സിൽ മകന് ഈ അസുഖം ആയിരിക്കല്ലേ എന്നായിരുന്നു പ്രാർത്ഥന. മകൻ ഒരു ക്യാൻസർ രോഗിയാണെന്ന് അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. എന്തിനാണ് ഇനി ജീവിക്കുന്നത് എന്ന് വരെ ചിന്തിച്ചിട്ടുണ്ട്. ഞങ്ങളുടെ ജീവിതത്തിലെ സന്തോഷവും സമാധാനവും എല്ലാം നഷ്ടപ്പെട്ടില്ലേ എന്ന ചിന്തയായിരുന്നു. അപ്പോഴും ഞങ്ങൾ ആഗ്രഹിച്ചിരുന്നു ഇനി ഒരു മക്കൾക്കും ഇങ്ങനെ ഒരു അസുഖം ഉണ്ടാകല്ലേ എന്ന്. ഞങ്ങളെപ്പോലെ ഒരു മാതാപിതാക്കളും വിഷമിക്കരുത് എന്ന് ആഗ്രഹിച്ചിരുന്നു. പ്രാർത്ഥിച്ചിരുന്നു. ഒരാഴ്ച R.C.C യിൽ അഡ്മിറ്റായിരുന്നു. അവിടെ നിന്ന് ഡിസ്ചാർജ് ചെയ്ത് ഞങ്ങൾ വന്നത് ''ദേവകി വാര്യർ'' എന്ന സ്ഥാപനത്തിലേക്കാണ്. അവിടെ വന്നപ്പോൾ ഞങ്ങളുടെ മകനെപ്പോലെ തന്നെ രോഗികളായ കുട്ടികളെ കണ്ടു. ഞങ്ങളേക്കാളും ബുദ്ധിമുട്ടും വേദനയും ഉള്ളവരെ കണ്ടപ്പോൾ ഞങ്ങളുടെ വേദനകളെല്ലാം മറക്കാൻ ശ്രമിച്ചു. അവിടെ ഉള്ള എല്ലാവരും തന്നെ നല്ല കമ്പനിയായിരുന്നു. ഒരു കുടുംബംപോലെ ഞങ്ങൾ അവിടെ കഴിഞ്ഞു. എല്ലാവരും ഒരുമിച്ച് ഭക്ഷണം വെച്ചും കഴിച്ചും നല്ല രസമായിരുന്നു. ചിലപ്പോഴൊക്കെ എന്തിനാണ് അവിടെ വന്നത് എന്നുപോലും ഓർക്കാറില്ല. രാത്രി 8 മണി ആയാൽ എല്ലാവരും കഞ്ഞി കുടിച്ച് മുകളിലെ റൂമുകളിൽ വന്നാൽ ഞങ്ങൾ എല്ലാവരും ചേർന്ന് ഒരുപാട് സമയം സംസാരിക്കുകയും തമാശ പറഞ്ഞ് ചിരിക്കുകയും എല്ലാം ചെയ്യാറുണ്ട്. ഞങ്ങൾ നാട്ടിലേക്ക് പോരുമ്പോൾ നാട്ടിലേക്ക് വരുന്നതിന്റെ സന്തോഷം ഉണ്ടെങ്കിലും അവിടെ എല്ലാവരെയും വിട്ടു പോരുന്നതിന്റെ വിഷമമുണ്ടായിരുന്നു. അവിടത്തെ ജീവിതം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ നല്ലതാണ്. അധികം വാടക ഇല്ല, ഭക്ഷണം അവിടെ ഉണ്ട്. ആ സ്ഥാപനം ഇത്രയും ഭംഗിയായി നടത്തികൊണ്ടു പോകുന്ന ആന്റിമാരോട് ഒരുപാട് നന്ദിയുണ്ട്. ചില കാര്യങ്ങളിൽ ഇത്തിരി ചിട്ടയുണ്ടെങ്കിലും, ചിട്ടയാണ് ആ സ്ഥാപനത്തിന്റെ വിജയവും. ഇത്രയും ഭംഗിയായി ഒരു സ്ഥാപനം നടത്തികൊണ്ടുപോകുവാൻ അത്ര എളുപ്പമുള്ള കാര്യമല്ല. അത് ആന്റിമാരുടെ പ്രത്യേക കഴിവു തന്നെയാണ്. ആ സ്ഥാപനത്തിനു പിന്നിൽ ഒരുപാട് പേർ പ്രവർത്തിക്കുന്നുണ്ട്. അവരെല്ലാവരോടും ഒരുപാട് നന്ദിയുണ്ട്.



അറമുഖൻ

ദേവകി വാര്യർ സ്ഥാപനത്തിലെ എല്ലാ രക്ഷാധികാരികൾക്കും എന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനയോടെ ഞാനെഴുതുന്നു.

എന്റെ ഭർത്താവ് അറമുഖൻ ഒന്നര വർഷമായി കാൻസർ രോഗിയാണ്. ഞങ്ങൾ വരുന്നത് കോഴിക്കോട് ജില്ലയിൽ എകരൂൽ എന്ന സ്ഥലത്ത് നിന്നാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ രണ്ട് മാസത്തോളം ചികിത്സ നടത്തിയശേഷമാണ് ഞങ്ങൾ ഇവിടെ R.C.C യിൽ വന്നത്. ഒറ്റ ദിവസം മാത്രമാണ് ഞങ്ങൾ റൂം വാടകയ്ക്ക് എടുത്ത് താമസിച്ചത്. പിന്നെ ഞങ്ങളുടെ നാട്ടിൽ നിന്ന് ഇവിടെവന്ന് ചികിത്സ നടത്തിയ കൃഷ്ണൻ എന്ന ആളിൽ നിന്നാണ് ഈ നല്ല സ്ഥാപനത്തെ പറ്റി അറിയുന്നത്. പിറ്റെ ദിവസം തന്നെ ഇവിടെ വരുകയും ഇവിടെ നിന്നുകൊണ്ട് തന്നെ ചികിത്സ തുടങ്ങുകയും ചെയ്തു.

ഇവിടെ ഞങ്ങൾക്ക് കിട്ടിയ അനുഭവങ്ങൾ മരിച്ചാലും മറക്കാൻ കഴിയില്ല. രോഗികൾക്ക് വേണ്ടി മാത്രം ജീവിക്കുന്ന രണ്ട് മനസ്സിന്റെ ഉടമകളാണ് ഇവിടെയുള്ളത്. സ്വന്തം കൂടപ്പിറപ്പുകളെപോലെ രോഗികളുടെ കാര്യങ്ങൾ അന്വേഷിക്കുകയും ഏത് സമയവും അവരെ പരിചരിക്കാൻ കൂടെയുള്ളവരെ നിർബന്ധിക്കുകയും ചെയ്യുന്നത് കാണുമ്പോൾ ഇന്നത്തെ ലോകത്ത് ഇങ്ങനെയും ചിലരെങ്കിലും ഉണ്ടല്ലോ എന്നോർത്തു പോകുകയാണ്. ഇവിടെ നിന്ന് ഓരോ നേരം ഭക്ഷണം കഴിക്കുമ്പോഴും ദൈവത്തിന് ഓരായിരം നന്ദി പറയുകയാണ്. ഇവിടെ എത്തിയില്ലായിരുന്നെങ്കിൽ ഞങ്ങളുടെ ആകെയുള്ള 5 സെന്റ് സ്ഥലവും വീടും വിറ്റ് ചികിത്സ തേടേണ്ടിവരുമായിരുന്നു. എന്റെ ഭർത്താവ് ഓപ്പറേഷന് വേണ്ടിയും മറ്റ് ടെസ്റ്റുകൾക്ക് വേണ്ടിയും പല പ്രാവശ്യം ഇവിടെ വന്നിട്ടുണ്ട്. ഒരിക്കൽപോലും ഇവിടെ താമസിക്കാൻ സൗകര്യം കിട്ടാതിരുന്നിട്ടില്ല.

ഞങ്ങൾക്ക് ഒരു മകനാണ്. അവനെ വളരെ കഷ്ടപ്പെട്ടാണ് പഠിപ്പിക്കുന്നത്. ഞങ്ങൾ പശുവിനെ വളർത്തിയും കൂലിവേല ചെയ്തുമാണ് അവനെ പഠിപ്പിക്കുന്നത്. ആ വിവരങ്ങൾ എല്ലാം അറിഞ്ഞപ്പോൾ ഇവിടെ ആശ്രയിലുള്ള മേഡമാർ അവന്റെ തുടർ വിദ്യാഭ്യാസത്തിന് സഹായിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. ചുട്ട് പൊള്ളുന്ന മനസ്സിലേയ്ക്ക് ഇത്തിരി തണുപ്പ് വന്നപോലെ തോന്നുന്നു. രോഗിയെയും കൊണ്ടു വരുകയാണെങ്കിലും ഇവിടെ വരുമ്പോൾ സ്വന്തം വീട്ടിലേയ്ക്ക് വന്ന ഒരു പ്രതീതിയാണ് മനസ്സിൽ. ഒരു മാസം നിന്ന് പോകുകയാണെങ്കിൽ തോന്നുന്ന വേദന പറഞ്ഞറിയിക്കാൻ കഴിയില്ല.

ഇവിടെ എല്ലാ സൗകര്യവും ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഒരുപാട് വസ്ത്രങ്ങൾ ഞങ്ങൾക്ക് തന്നിട്ടുണ്ട്. വിരിച്ച് കിടക്കാൻ ബെഡ്ഷീറ്റ് വരെ ഇവിടെ നിന്ന് ഞങ്ങൾക്കു കിട്ടുന്നുണ്ട്. ഇത്രമാത്രം സൗകര്യങ്ങൾ മറ്റൊരിടത്തും കിട്ടുകയില്ലെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഒരിക്കൽ കൂടി ഞാൻ പറയുകയാണ് ഈ ഒരു സ്ഥാപനത്തിൽ ഞങ്ങൾ എത്തിപ്പെട്ടില്ലായിരുന്നെങ്കിൽ തെണ്ടിപോകുമായിരുന്നു. കിടക്കാനൊരിടവും കഴിക്കാൻ ആഹാരവുമാണല്ലൊ മനുഷ്യനാവശ്യം. അത് ഈ ഏഴകളായ ഞങ്ങൾക്ക് നല്കിയ ഈ സ്ഥാപനത്തോടും ഇവിടെയുള്ള ആന്റിമാരോടും ഞാനും, എന്റെ ഭർത്താവും മകനും കടപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ മകന് നല്ല ഒരു കാലം വരാൻ ദൈവം അനുഗ്രഹിക്കയാണെങ്കിൽ ഈ സ്ഥാപനത്തിന്റെ ഭാഗമാക്കാകാൻ ഞങ്ങൾ അവനെ പ്രേരിപ്പിക്കും.

സുമതി



20.03.2010 തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ നിന്നപ്പോൾ ഒടിഞ്ഞ കാലും പിടിച്ച് ഏട്ടന്മാരും അമ്മയും ചേർന്ന് എന്നെ വീൽ ചെയറിൽ ഇരുത്തി, ടാക്സി സ്റ്റാൻഡിലേക്ക് പോവുമ്പോൾ ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല ഈ വീൽചെയർ പിന്നീട് എന്റെ നിഴലാകുമെന്ന്. ടാക്സിയിലേക്ക് എന്നെ എടുത്തിരുത്തുമ്പോൾ എല്ല് മാംസത്തിൽ കുത്തി തറയ്ക്കുന്ന വേദനയായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കവാടം ഞങ്ങളുടെ വണ്ടിയെ വിഴുങ്ങിക്കൊണ്ട് R.C.C യുടെ വാതിൽക്കൽ എത്തിച്ചു. ഏതാണീ ആശുപത്രി? ഞാൻ എന്തിനായിരുന്നു ഇവിടെ വന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരം എനിക്കപ്പോഴും ലഭിച്ചിരുന്നില്ല. ആശുപത്രിയുടെ വാതിൽ കടക്കുമ്പോഴും ഞാൻ വീൽചെയറിൽ തന്നെയായിരുന്നു. എല്ലാം എനിക്കൊരത്ഭുതമായിരുന്നു. കാരണം ഞാൻ ആദ്യമായിട്ടാണ് ഇത്രയും വലിയൊരു ആശുപത്രിയിൽ വരുന്നതു തന്നെ. ഡോക്ടറെ കണ്ട് തിരിച്ചു മടങ്ങാം എന്നായിരുന്നു ഞാൻ കരുതിയിരുന്നത്. എന്നാൽ എല്ലാം എന്റെ പ്രതീക്ഷകളെ മറികടന്നതായിരുന്നു സംഭവിച്ചിരുന്നത്. ആരും പറയാതെ തന്നെ ഞാനറിഞ്ഞു. സിനിമയിലും സീരിയലുകളിൽ മാത്രം കേട്ടിട്ടുള്ള ആ രോഗം എന്നെക്കൂടി കീഴടക്കിയിരിക്കുന്നു. ഇനിയൊരിക്കലും നാട്ടിലേക്ക് തിരിച്ച് പോവില്ലയോ? എന്ന പേടിയും സങ്കടവും കൊണ്ട് ഓരോ ദിവസവും വാടക മുറിയിൽ കഴിച്ചു കൂട്ടുമ്പോഴായിരുന്നു. ഞങ്ങളുടെ ബന്ധുവിനെ കണ്ടുമുട്ടുന്നത്. അയാളുടെ മകനും ഈ ആശുപത്രിയിൽ തന്നെയാണ് ചികിത്സിക്കുന്നത്. ആ ചെറിയച്ഛനായിരുന്നു ഞങ്ങളെ ദേവകീവാര്യരിലേക്ക് കൂട്ടിക്കൊണ്ടു വന്നത്. അസുഖത്തെ കുറിച്ചുള്ള പേടിയും സങ്കടവും എന്റെ മുഖത്ത് തളം കെട്ടിയിരുന്നു. ശരിക്കും പറഞ്ഞാൽ എന്റെ ചുണ്ടുകൾ പുഞ്ചിരിക്കാൻ പോലും മറന്നിരുന്നു. നിശ്വാസവായു ശ്വസിക്കുന്ന ഒരു മനുഷ്യ പ്രതിമ എന്നു തന്നെ പറയാം.

എല്ലാം ഇവിടെ അവസാനിച്ചുവെന്നു കരുതിയ ജീവിതത്തിന്റെ തിരശ്ശീല വീഴ്ത്തുകയല്ല പകരം ഉയർത്തുകയാണ് എന്ന് എനിക്ക് പറഞ്ഞു തന്നത് ഇവിടെത്തെ ആന്റിമാരായിരുന്നു. വേദനിക്കുന്നവരുടെ മുന്നിലേക്ക് സ്നേഹത്തിന്റെ കരങ്ങൾ നീട്ടി കനിവിൻ മിഴികളോടെ സ്വീകരിക്കുന്നവരായിരുന്നു ഇവിടെയുള്ളവർ. ദുഃഖത്തിന്റെ കണ്ണുനീർ തുടച്ച് വീണ്ടും സ്നേഹത്തോടെ പുഞ്ചിരിക്കാൻ പഠിച്ചത് ഇവിടെനിന്നായിരുന്നു. അതെ, ഇവിടെ സ്വപ്നങ്ങൾ വിടരുന്ന പൂന്തോട്ടമുണ്ടായിരുന്നു. ദൈന്യതയുടെ കണ്ണുനീരൊപ്പാൻ കാരുണ്യത്തിന്റെ കരങ്ങൾ ഏറെയാണിവിടെ വിശക്കുന്നവനു മൂന്നുനേരം ഭക്ഷണം നൽകിയും വേദനിക്കുന്നവർക്ക് സാന്ത്വനത്തിന്റെ മരുന്നു നൽകിയും. വിധി മുറിവേല്പിച്ച ജീവിതത്തെ സന്തോഷത്തോടെ ജീവിക്കാൻ ഞങ്ങൾക്കു ധൈര്യം നൽകിയത് ഞങ്ങളുടെ ആയിഷാന്റിയായിരുന്നു. നടക്കാൻ കഴിയാത്ത എനിക്ക് വീൽചെയർ നൽകിയും എന്റെ ഓപ്പറേഷനുവേണ്ടി സാമ്പത്തികമായും അല്ലാതെയും ഒരുപാടു സഹായിച്ച, ഒരു പക്ഷേ ഞാൻ ഇന്ന് ജീവിച്ചിരിക്കുവാൻ കാരണം ഡോക്ടർമാരെയൊഴിച്ചാൽ പിന്നെയുള്ള സ്ഥാനം തികച്ചും ഞങ്ങളുടെ ലക്ഷ്മി ആന്റിക്കു മാത്രമായിരിക്കും. ലക്ഷ്മിയാന്റിയെ എനിക്കൊരിക്കലും മറക്കാനാവില്ല. ഞാനൊരുപാടു സങ്കടപ്പെട്ടിരിക്കുമ്പോൾ എന്റെ കണ്ണുനീർ തുടച്ചവരിൽ പ്രധാനപ്പെട്ടൊരാളായിരുന്നു ആന്റി. അതുപോലെതന്നെ അയ്യപ്പപിള്ള സാറിനോട് എനിക്ക് പറഞ്ഞാൽ തീരാത്ത നന്ദിയുണ്ട്. പത്മിനിയമ്മ, അംബിയാന്റി ഇവരെല്ലാവരോടും എനിക്കു മറക്കാനാവാത്ത കടപ്പാടുണ്ട്. പ്രത്യേകിച്ച് ദേവകി വാര്യരോട്. ഇന്ന് എന്റെ നിഴലിന് വീൽ ചെയറിന്റെ രൂപമല്ല ഉള്ളത്. അതെ ഇവിടെത്തെ മണ്ണിനു മുണ്ട് ഒരു മധുരം സ്നേഹത്തിന്റെ മാധുര്യം.



സംയുക്ത

എന്റെ മകൾ സംയുക്ത 9 വയസ്സ്. 5-ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് കാലിൽ മുഴകണ്ടത്. ഞങ്ങൾ കാസർകോഡ് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മൂന്ന് ഡോക്ടർമാരെ കാണിച്ചതിന് ശേഷം ഡോക്ടർ കുര്യൻ സി.റ്റി. സ്കാൻ ബയോപ്സി നടത്തി R.C.C യിൽ എത്തി. 6 കിമോയും കാലിൽ സർജറിയും കഴിഞ്ഞു. പിന്നീട് 2മ്മ വർഷത്തിന് ശേഷം ശ്വാസകോശത്തിൽ അസുഖം കണ്ടു. വീണ്ടും R.C.C യിൽ എത്തി. അവിടെ ട്രീറ്റ്മെന്റ് തുടരാൻ കഴിയില്ല. ഇനി ശ്രീചിത്ര ആശുപത്രിയിൽ ഹാർട്ട് ഓപ്പറേഷൻ നടത്തിയതിന് ശേഷം ഞ.ഇ.ഇ യിൽ ചെല്ലാൻ പറഞ്ഞു. ഇനി 31.7.15 ന് അഡ്മിറ്റ് ചെയ്യണം. ഇനി എവിടെ താമസിക്കണം എന്നറിയാതെ അന്വേഷിച്ച് നടക്കുമ്പോഴാണ് ഒരു കടക്കാരൻ ദേവകീ വാര്യർ ട്രസ്റ്റിന്റെ കാര്യം പറഞ്ഞത്. അങ്ങനെ ശ്രദ്ധ എന്ന ദേവകീ വാര്യർ ട്രസ്റ്റിൽ എത്തി. അവിടെ ഞങ്ങൾക്ക് മൂന്ന് നേരത്തെ ഭക്ഷണവും താമസസൗകര്യവും തന്നു. സ്നേഹമുള്ള രണ്ട് ആന്റിമാരെ കാണുകയും സ്വന്തം വീടുപോലെ കഴിയാനുള്ള സ്വാതന്ത്ര്യവും ഞങ്ങൾക്ക് ഉണ്ടായിരുന്നു. ഈ സ്ഥാപനത്തോട് ഞങ്ങൾക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. ഞങ്ങൾക്ക് ആന്റിമാരോട് ഒരുപാട് നന്ദിയുണ്ട്.

ശേസപ്പ